

# e-ദളം

## THE DIGITAL MAGAZINE

IUHSS PARAPPUR

# e-ദളത്തിന് പിറകിൽ

## ചീഫ് എഡിറ്റർ

സമീർ

## സ്റ്റാഫ് എഡിറ്റർ

നഹ്‌ല

## സ്റ്റുഡന്റ് എഡിറ്റർ

സഫ്‌വ പീ കെ

## എഡിറ്റോറിയൽ ബോർഡ്

മുഹമ്മദ് ഷിബാൻ വി

അമൽ ദേവ്

അക്ഷജ് എസ് ബാബു

ഷാരിബ ഹനാൻ ടി കെ

ഷഹ്‌ല

ലിയാന പീ കെ

## കവർ ഡിസൈൻ

മുഹമ്മദ് ഷിബാൻ വി

# ആമുഖം

ആൾക്കൂട്ടത്തിലേക്കുള്ള കുട്ടിയുടെ അരങ്ങേറ്റമാണ് ഓരോ ക്ലാസ്സ് റൂമുകളിലൂടെയും സാധ്യമാകുന്നത്. ടീച്ചറും കുട്ടികളും ഓൺലൈൻ ആയിരുന്ന കാലത്താണ് ഈ മാഗസിന്റെ പ്രസക്തിയെ കുറിച്ച് ചിന്തിച്ചു തുടങ്ങിയത്.

ഇരുണ്ട കാലത്തും വെളിച്ചം വിതറുന്ന ചെറിയ ചില ശ്രമങ്ങൾ. മുഖം മറച്ചും വീടടച്ചു മിരുന്ന രോഗഭീതിയുടെ നാളുകളിലെ സർഗാത്മക പ്രവർത്തനങ്ങൾ ഇവിടെ ഒരു ക്ലിക്കിൽ ചേർത്തുവെക്കുന്നു.

കരുതലിനൊപ്പം കല കൂട്ടു വന്നപ്പോൾ e ദളം വിരിഞ്ഞു. ലിറ്റിൽ കൈറ്റ്സ് പ്രതിഭകൾ ഒരുക്കിയ ഡിജിറ്റൽ മാഗസിൻ ആഹ്ലാദത്തോടെയും അഭിമാനത്തോടെയും നിങ്ങൾക്കുമുന്നിൽ സമർപ്പിക്കുന്നു......

# ആശംസ

**അഷ്‌റഫ്. കെ**
(ഹെഡ് മാസ്റ്റർ)

പരിമിതികളെ വകഞ്ഞു മാറ്റി ഐ യു എച്ച് എസ് എസ് പറപ്പൂരിലെ നമ്മുടെ കുട്ടികൾ നടത്തിയ ശ്രമം കയ്യടികളോടെ സ്വീകരിക്കേണ്ടതുണ്ട്.

പാഠപുസ്തകങ്ങൾക്കപ്പുറത്തുള്ള ലോകത്തേക്ക് വിദ്യാർത്ഥികളെ കൈ പിടിച്ചു കൊണ്ടുപോകാനുള്ള ശ്രമങ്ങൾ വരും നാളുകളിൽ കൂടുതൽ ശക്തമാകട്ടെ.., പുതിയ നക്ഷത്രങ്ങൾക്ക് വിശാലമായൊരു ആകാശം ഒരുക്കാൻ നമുക്ക് തോൾ ചേർന്ന് പ്രവർത്തിക്കാം .
വാക്കുകളിലൂടെ അക്ഷരങ്ങളിലൂടെ ബഹുദൂരം മുന്നോട്ടു സഞ്ചരിക്കാം...

ഇതളുകൾ ചേർത്തുവച്ച് ഇ-ദളമൊരുക്കിയവർക്ക്.., താങ്ങും തണലുമായി ഒപ്പം കൂടിയവർക്ക്.., അങ്ങനെ മാഗസിന്റെ അണിയറ പ്രവർത്തകർക്കെല്ലാം അഭിനന്ദനങ്ങൾ.

വിദ്യാലയത്തിന്റെ പേരും പെരുമയും ഉയർത്തുന്ന പ്രവർത്തനങ്ങൾ ഇനിയുമുണ്ടാകട്ടെ.., കൊച്ചു ഉറവകളാണ് വലിയ വെള്ളച്ചാട്ടങ്ങളായി മാറുന്നതെന്ന് മാത്രം ഓർമ്മിപ്പിക്കട്ടെ. ഇ-ദളം എന്ന നമ്മുടെ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും.......

# e-ദളം വിരിയുന്നതിലൂടെ

ഒരു ദിവസം മലയാളം ക്ലാസ് തുടങ്ങുന്നതിനു മുമ്പ് കുറ്റിപ്പുഴ കൃഷ്ണപിള്ള മാഷ് എഴുന്നേറ്റു നിന്ന് ചോദിച്ചു: "നിങ്ങൾ ചങ്ങമ്പുഴ എന്ന കവിയെ പറ്റി കേട്ടിട്ടുണ്ടോ..?"കുട്ടികൾ ഏക സ്വരത്തിൽ വിളിച്ചു പറഞ്ഞു "ഉവ്വ്.. സാർ". (രമണന്റെ കാലമായിരുന്നു, ആ കാവ്യം വായിക്കാത്ത ചെറുപ്പക്കാരും ചെറുപ്പക്കാരികളും ഇല്ല)വ"കാനനച്ഛായയിലാടുമേയ്ക്കാൻ ഞാനും വരട്ടെയോ നിന്റെ കൂടെ..."കവിതയുടെ വരികൾ അക്ഷരാഭ്യാസമില്ലാത്തവർക്ക് പോലും മന:പാഠമായിരുന്നു. കുറ്റിപ്പുഴ സാറിന്റെ അടുത്ത ചോദ്യം നിങ്ങൾക്ക് ചങ്ങമ്പുഴയെ കാണണോ എന്നായിരുന്നു. കുട്ടികൾക്ക് ഹരമായി കാണണമെന്ന് ക്ലാസിലെ കുട്ടികൾ ഒറ്റക്കെട്ടായി വിളിച്ചു പറഞ്ഞു.

അപ്പോൾ മാഷ് ഉച്ചത്തിൽ പറഞ്ഞു
"എടോ ചങ്ങമ്പുഴേ എഴുന്നേറ്റു നിൽക്കു.., ഇവരൊന്ന് കാണട്ടെ"

എല്ലാ നോട്ടവും ആൺകുട്ടികൾ ഇരിക്കുന്ന ഭാഗത്തേക്ക്... കണ്ണുകൾ ചങ്ങമ്പുഴയെ പരതി
ക്ലാസിൽ നിന്ന് കറുത്തുമെലിഞ്ഞ പൊക്കം കൂടിയ ഒരാൾ എഴുന്നേറ്റു നിന്നു .

സ്നേഹനിശ്വാസങ്ങളുടെ കവി സ്വന്തം സഹപാഠി യാണെന്ന അറിവ് ക്ലാസിലെല്ലാവർക്കും അഭിമാനമായി
* **

മാസങ്ങൾക്കു മുമ്പ് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വായിച്ച ലേഖനത്തിലെ ഒരു ഭാഗമാണിത്.വിദ്യാർത്ഥിയുടെ പേരിൽ വിദ്യാലയവും നാടും അറിയപ്പെട്ടിരുന്ന, എഴുത്തിന്റെ തലയെടുപ്പുള്ള കാലം കുറച്ചു മുൻപ് വരെ നമുക്കരികിലുണ്ടായിരുന്നു. പിന്നീടെപ്പോഴോ ക്ലാസ്സ് മുറിയും പാഠപുസ്തകങ്ങളും മാത്രമായി വിദ്യാർത്ഥികളുടെ ലോകം മാറി. പരീക്ഷയ്ക്ക് ഉയർന്ന മാർക്ക് നേടുക എന്നതായി ലക്ഷ്യം. ഇന്ന് അത്തരം ചിന്തകൾക്കെല്ലാം കാര്യമായ മാറ്റം വന്നിരിക്കുന്നു. വിദ്യാലയം നടപ്പിലാക്കേണ്ടപാഠ്യേതര പ്രവർത്തനങ്ങളെ കുറിച്ച് നാം ഓരോരുത്തരും ബോധവാൻമാരാണ്.

വ്യത്യസ്തവും പുതുമ നിറഞ്ഞതുമായ ശ്രമങ്ങൾ ഇന്ന് വിദ്യാലയത്തിൽ നിന്നും ഉയരുന്നുണ്ട്. നമ്മുടെ ഓൺലൈൻ മാഗസിൻ പോലും അത്തരമൊരു ശ്രമത്തിന്റെ കണ്ണിയാകുന്നു. സ്വന്തം വികാരവിചാരങ്ങൾ തന്റേതായ ഭാഷയിൽ അവതരിപ്പിക്കാൻ കഴിയുക എന്നത് അഭിമാനകരമായ നേട്ടമാണ്. അതിനായൊരു ഇടം ഒരുക്കാൻ മാഗസിനിലൂടെ നമുക്ക് കഴിഞ്ഞു. കലോത്സവങ്ങളും രചനാ മത്സരങ്ങളുമെല്ലാം നിശ്ചലമായ

# e ദളം ഡിജിറ്റൽ മാഗസിൻ

കോവിഡ് കാലത്ത് കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കാൻ നടത്തിയ ശ്രമം അഭിനന്ദനാർഹമാണ്.

ടെകനോളജിയുടെ വേഗമേറിയ ഈ കാലത്ത് പഴഞ്ചനാകാതിരിക്കാൻ സ്വയം പരിശ്രമിച്ചേ മതിയാവൂ... പുതിയ കാലത്തിനൊപ്പമുള്ള ചുവടുവയ്പ്പായി e-ദളം മാഗസിനെ വായിക്കാം.

മഹാമാരിയുടെ ലോക്ഡൗൺ ദിനങ്ങളിൽ കലാസാഹിത്യ പ്രവർത്തനങ്ങൾ നിശ്ചലമായിപോകാതിരിക്കാൻ വിദ്യാലയം നടത്തിയ പരിശ്രമത്തിന്റെ ഫലമാണ് ഈ താളുകൾ

കൂട്ടായ്മയിലൂടെ രൂപംകൊണ്ട ഈ മാഗസിന്റെ പൂമുഖത്തിരുന്ന് ഇങ്ങനെയൊക്കെ സംസാരിക്കുന്നത് ഉചിതമാണോ എന്നെനിക്കറിയില്ല.., എങ്കിലും ഏൽപ്പിച്ച ദൗത്യം ആഹ്ലാദത്തോടെയും അഭിമാനത്തോടെയും നിർവഹിക്കുന്നു.

e-ദളത്തിന് കൂടുതൽ ഇതളുകൾ വിരിയട്ടെ...
വിദ്യാർത്ഥികളുടെ കഴിവും അറിവും പ്രോത്സാഹിപ്പിക്കുന്ന സമാന ശ്രമങ്ങൾ തുടരട്ടെ...
എല്ലാവിധ ആശംസകളും.

**സമീർ**
**(ചീഫ് എഡിറ്റർ)**

## താളുകളിലൂടെ


നെഗറ്റീവ്.......................................................................................................................................9
കർമ്മ ഫലത്തേക്കാൾ കർമ്മ സംതൃപ്തിക്ക് മുൻഗണന കൊടുക്കണം.......................................................12
അധ്യാപിക.....................................................................................................................................14
നിശാശലഭം...................................................................................................................................15
ഒരു മഴക്കാലത്ത്...........................................................................................................................17
പെണ്ണായി പിറന്നവൾ.....................................................................................................................18
കോവിഡ് കാലം............................................................................................................................19
സന്തോഷകരമായ ഞങ്ങളുടെ ഒരു ദീർഘയാത്ര..................................................................................22
HEAVENLY DAYS.........................................................................................................................24
I WROTE MYSELF A LETTER.......................................................................................................25
പോസിറ്റീവ്....................................................................................................................................27
അതിജീവനത്തിന്റെ നാളുകൾ..........................................................................................................29
പ്രതീക്ഷ..........................................................................................................................................30
വളരുന്ന കേരളവും വിനോദ സഞ്ചാര സാധ്യതകളും............................................................................31
സൈബർ ദുരന്തം............................................................................................................................32
പത്രം.............................................................................................................................................33
അമ്മ.............................................................................................................................................34
സന്തോഷത്തിന്റെ കണ്ണുനീർ.............................................................................................................35
കൊറോണ എന്ന ഭീകരൻ..................................................................................................................36
എൻ പിറന്ന നാട്.............................................................................................................................37
ഒറ്റക്ക്...........................................................................................................................................38
ഒരു ബാലന്റെ കഥ.........................................................................................................................39
......................................................................................................................................................40
ക്രൂശിക്കപ്പെടുന്ന മാതാപിതാക്കൾ....................................................................................................40
മഴ................................................................................................................................................44
ചങ്ങാതി.........................................................................................................................................45
ഇനി എത്ര നാൾ..............................................................................................................................46
ഏകൻ............................................................................................................................................48
......................................................................................................................................................49
കോവിഡ്:വൈറസിനെ അതിജീവിച്ച ദിനങ്ങൾ ..................................................................................49
മലയാളമെന്നൊരു ഭാഷ...................................................................................................................50
മലയാളവും സംസാരശൈലികളും......................................................................................................52

അവസ്ഥ.....53

.....55

VALUE YOUR SELF.....55

കൊറോണകാലത്തെജീവിതം.....56

തിരിച്ചറിവ്.....57

ലഹരി വിരുദ്ധ ദിനം.....58

അറബിക്കഥ പോലെ ഒരു ജീവിതം.....60

# നെഗറ്റീവ്

ഡ്യൂട്ടി കഴിഞ്ഞ് മീന നേരെ വാഷ്റൂമിലേക്ക്ചെന്നു. മുഖത്തെ സർജിക്കൽ മാസ്ക് അടുത്തുള്ള വേസ്റ്റ് ബിന്നിലേക്കിട്ടുകൊണ്ട് കണ്ണാടിയിലേക്ക് നോക്കി. തന്റെ മുഖം കണ്ടു മീനക്ക് തന്നെ അത്ഭുതമായി. പണ്ടത്തെ ആ ചുറുചുറുക്കുള്ള പ്രസരിപ്പ് തന്നിൽ നിന്നും അകന്നു പോയിരിക്കുന്നു. ഉറക്ക ക്ഷീണം ഇപ്പോഴും വിട്ടുമാറാത്തതിനാൽ കൺതടങ്ങളിൽ കറുപ്പ് വ്യാപിച്ചിരിക്കുന്നു. തലയിൽ എന്തോ വലിയ ഭാരം വെച്ചത് പോലെയുള്ള അസഹനീയമായ വേദന അവൾക്ക് അനുഭവപ്പെടാൻ തുടങ്ങി. "ഇതിപ്പോൾ തുടങ്ങിയിട്ട് മൂന്നാല് ദിവസമായി കൊറോണയും മറ്റും ആകുമോ"? ഏയ് അതൊന്നുമല്ലായിരിക്കും. നെറ്റിത്തടത്തിൽ കൈവെച്ച് നോക്കിയപ്പോൾ അവൾക്ക് ചെറിയ ചൂടുള്ള പോലെ തോന്നി. "ദൈവമേ എനിക്കിനി പനിയുണ്ടോ". 'അത് ശരീരത്തിലെ സാധാരണ താപനില തന്നെയാ' എന്ന് അവൾ തന്നോട് തന്നെ പറഞ്ഞോണ്ട് ഇരുന്നു. തനിക്ക് കൊറോണ ഉണ്ടാവാനും സാധ്യത കൂടുതലാ കാരണം ഈ മൂന്ന് മാസം കൊറോണ രോഗികളെ ചികിത്സിക്കൽ ആയിരുന്നല്ലോ തന്റെ ജോലി. തനിക്ക് ഇപ്പോ കൊറോണയുടെ സമാനമായ ലക്ഷണങ്ങൾ കണ്ടിട്ടല്ലേ ഡ്യൂട്ടിയിൽ നിന്നും ലീവ് കിട്ടിയേ.... അവൾ ചിന്തയുടെ ലോകത്ത് കാടുകയറി പോയിരുന്നു. എല്ലാ ചിന്തകൾക്കും വിരാമമിട്ടുകൊണ്ട് അവൾ കൈക്കുമ്പിളിലെ വെള്ളം കൊണ്ട് മുഖം കഴുകി. തണുത്തവെള്ളം മുഖത്തേക്ക് വന്നു പതിച്ചതും ക്ഷീണമെല്ലാം വെള്ളത്തിലൂടെ ഒഴുകി പോയപോലെ മീനയ്ക്ക് തോന്നി. 'മ് ഹാ..'. തെല്ലൊരാശ്വാസത്തോടെ അവൾ നെടുവീർപ്പിട്ടു.

ഹോസ്പിറ്റലിൽ നിന്നും അവൾ വീട്ടിലേക്ക് തിരിച്ചു. ഓട്ടോക്കാരന് ക്യാഷ് കൊടുത്തു വീടിന്റെ മുമ്പിലേക്ക് നോക്കിയതും ആരെയും കാണാൻ പറ്റിയില്ല. വീട് മുഴുവൻ നിശബ്ദതയിൽ ആണ്ടുപോയ പോലെ ആയിരിക്കുന്നു. 'എല്ലാരും എവിടെ പോയി.' 'ഇനിയെങ്ങാനും എന്നെ കൂട്ടാതെ എല്ലാരും കൂടി നാടുവിട്ടു പോയോ'. മുറ്റത്തെ പൈപ്പിന് കീഴ് പോയി മുഖവും കൈ കാലുകളും കഴുകി അവൾ വേഗം പോയി കോളിംഗ് ബെല്ലടിച്ചു. "മോളെ ഗീതു ആരാ വന്നേ എന്ന് നോക്കിയേ." അകത്തു നിന്നും അമ്മയുടെ ശബ്ദമുയർന്നു. "അമ്മേ ഞാനാ മീനു." എന്റെ ശബ്ദം കേട്ട് ചേച്ചിയുടെ മകൾ പൊന്നൂസ് ഉമ്മറത്തേക്ക് ഓടി വന്നു. അവളെ കണ്ട സന്തോഷത്തിൽ ഓടിപ്പോയി കെട്ടിപ്പിടിക്കാൻ നിന്നപ്പോൾ അവൾ മാറിനിന്ന് കുഞ്ഞിക്കൈ കൊണ്ട് മുഖം പൊത്തി പിടിച്ചോണ്ട് 'അമ്മയേ കൊറോണയാ വന്നിട്ടുള്ളേ' എന്ന് വിളിച്ചു കൂവി അവൾ അടുക്കളയിലേക്ക് ഓടി. എന്തോ അത് കേട്ടപ്പോൾ മീനയ്ക്ക് വല്ലാത്ത സങ്കടം തോന്നി . "പൊന്നൂസേ അങ്ങനെയാണോ പറയാ.. മേമയോട് പോയി സോറി പറ" അതും പറഞ്ഞോണ്ട് ചേച്ചി വന്നു. 'അത് സാരല്യ അവൾ കൊച്ചു കുട്ടിയല്ലേ' വിഷമം പുറത്തുകാണിക്കാതെ മീന ചേച്ചിയോടായി പറഞ്ഞു. 'സോറി മേമേ.... ഇന്നലെ എല്ലാവരും പറഞ്ഞു മേമക്ക് കൊറോണ ആകുമെന്ന് അതുകൊണ്ടല്ലേ പൊന്നൂസ് അങ്ങനെ പറഞ്ഞെ' കരയാൻ ആയി വിതുമ്പുന്ന ചെറിയ അധരങ്ങൾ കാണിച്ചുകൊണ്ട് അവൾ പറഞ്ഞു. അയ്യോ മേമന്റെ വാവ കരയേണ്ടാ ട്ടോ എല്ലാരും പറഞ്ഞ പോലെ പൊന്നൂസ് മേമന്റെ അടുത്തേക്ക് അധികം വരണ്ട കേട്ടോ. 'മ്...' അതും പറഞ്ഞ് അവൾ ചേച്ചിയുടെ പിന്നിലായി ഒളിച്ചുനിന്നു.

അവിടെ നിന്ന് ഒട്ടും സമയം കളയാതെ മീനയ്ക്ക് വേണ്ടി ഒരുക്കിയ മുകളിലെ റൂമിലേക്ക് മീന ചെന്നു. എല്ലാ സാധനങ്ങളും അവിടെയുണ്ട്. ഉപ്പുതൊട്ട് കർപ്പൂരം വരെ എന്ന് പറയും പോലെ അവൾക്ക് ആവശ്യമുള്ളതെല്ലാം ഉണ്ട്. ക്ഷീണം കാരണം അവൾ വേഗം ഫ്രഷ് ആവാൻ പോയി. ഫ്രഷ് ആയി വന്നപ്പോഴേക്കും അമ്മ നല്ല ചൂടുള്ള ചോറും ആവിപറക്കുന്ന സാമ്പാറും പപ്പടവും പയർ ഉപ്പേരിയും ഫ്രഷ് അയല പൊരിച്ചതും ടേബിളില് കൊണ്ട് വച്ചിട്ടുണ്ട്.അത് കണ്ടപ്പോൾ തന്നെ അവളുടെ കണ്ണ്ട്രോൾ പോയി. വായയിൽ കപ്പൽ ഓടാനുള്ള വെള്ളം നിറഞ്ഞു നിൽക്കുന്നുണ്ട്. വിശപ്പ് കാരണം അവൾ അധികം ഭക്ഷണത്തിന്റെ ഭംഗി നോക്കി നിൽക്കാതെ കഴിക്കാനായി തുടങ്ങി. കുറെ കാലമായി അമ്മയുടെ ചോറും കറിയും ഒക്കെ കഴിച്ചിട്ട് അതുകൊണ്ടുതന്നെ അതിന്റെ സ്വാദ് കാരണം പാത്രം കാലിയായത് അവൾ അറിഞ്ഞില്ല .അവൾ തന്നെയാണ് ഭക്ഷണം മുകളിൽ കൊണ്ട് തന്നാൽ മതി എന്ന് പറഞ്ഞത്. കഴിച്ചശേഷം അവൾ പാത്രം കഴുകി അവിടെ വെച്ചു. താഴേക്കിറങ്ങാൻ അവൾ പേടിച്ചു അഥവാ തനിക്ക് കൊറോണ ആണെങ്കിൽ അവർക്കും പകരുമല്ലോ. കയറി വന്നപ്പോൾ തന്നെ ചേച്ചിയും പൊന്നൂസും അകത്തായിരുന്നു. അതുകൊണ്ട് തന്നെ അവരുമായി അടുത്തിടപഴകിയില്ല.

അവൾ നേരെ ബാൽക്കണിയിലേക്ക് പോയി. വീടിന്റെ പിന്നിലായി ഒരു പാടമാണ്. വിശാലമായ ആ പാടം ഈ മഴയെത്തു പച്ച പരവധാനി വിരിച്ച പോലെ ആയിട്ടുണ്ട്. അവിടെയുമിവിടെയും ആയിട്ട് പശുക്കൾ പുല്ല് തിന്നു കൊണ്ടിരിക്കുകയാണ്. ഉച്ചക്കുശേഷം പെയ്ത മഴയുടെ തെളിവായി അങ്ങിങ്ങായി വെള്ളം കെട്ടിക്കിടക്കുന്നുണ്ട്. കിളികളുടെ കൊഞ്ചൽ അവളിൽ എന്തെന്നില്ലാതെ കൗതുകം ഉളവാക്കി. ബാൽക്കണിയോട് ചേർന്നുള്ള മാവിന്റെ ഇലകളിൽ ഇപ്പോഴും മഴയുടെ കണികൾ തൂങ്ങി കിടക്കുന്നുണ്ട്. ഇലകളുടെ മർമ്മരവും തണുത്ത ഇളംകാറ്റും അവളിലെ വേദനകളെ ഒരു നിമിഷത്തേക്ക് ഇല്ലാതാക്കി. എല്ലാം മറന്നു കൊണ്ട് അവൾ അതെല്ലാം ആസ്വദിച്ചു. അവളുടെ കണ്ണുകൾ ചുറ്റുപാടുകളിലേക്ക് നീണ്ടു. അപ്പുറത്തെ വീട്ടിലെ ചേച്ചിയും മകളും അവളെ കണ്ടതും എന്തോ വലിയ ഭീകരജീവി മുന്നിൽപെട്ടാൽ എങ്ങനെയാണ് നമ്മൾ രക്ഷപ്പെടാൻ ശ്രമിക്കുക അതുപോലെ അവർ അകത്തേക്ക് ഇടിച്ചു കയറി പോയി. "എന്തിനാണിപ്പൊ ഇങ്ങനെ ചെയ്യാൻ മാത്രം താൻ ഒരു നഴ്സായതാണോ പ്രശ്നം. കൊറോണ ബാധിച്ച രോഗികളെ ചികിത്സിക്കാൻ മുതിർന്നത് ഇത്രക്ക് വലിയ പാപമാണോ? അവരും മനുഷ്യരല്ലേ? രോഗികളോട് അല്ല വിവേചനം വേണ്ടത് രോഗത്തോട് ആണെന്ന് ദിനംപ്രതി കേൾക്കുന്നുണ്ടല്ലോ അത് ജീവിതത്തിൽ മാതൃകയാക്കാൻ ആണ്; അല്ലാതെ വെറുതെ കേട്ടിരിക്കാൻ അല്ല. **നെഗറ്റീവ്** ആയി നിൽക്കുന്ന നമ്മുടെ സമൂഹം എന്നാണ് നന്നാവുക?" അവളിൽ പ്രതിഷേധത്തിന്റെ കനൽ ആളിക്കത്തി. പിന്നീടുള്ള ദിവസങ്ങളിൽ അവൾ പലതരത്തിലുള്ള ദൂഷണങ്ങൾ നേരിട്ടില്ലെങ്കിലും സാക്ഷിയാകേണ്ടി വന്നു. മീൻകാരൻ വന്നപ്പോൾ മീൻ വാങ്ങാൻ ആയി അമ്മ ചെന്നപ്പോൾ അയാൾ വണ്ടിയും കൊണ്ട് സ്ഥലം വിട്ടു, അതുപോലെ ഒരിക്കൽ നീ എന്താ ഇപ്പോൾ പുറത്തേക്ക് ഒന്നും ഇറങ്ങാത്തെ എന്ന് അയലത്തെ വീട്ടിലെ ശാന്തേച്ചി അപ്പുറത്തെ വീട്ടിലെ കല്യാണിയോട് ചോദിച്ചപ്പോൾ അവളുടെ മറുപടി ഇങ്ങനെയായിരുന്നു "അതിനിവിടെ മുഴുവനും കൊറോണ അല്ലേ" എന്ന് ബാൽക്കണിയിൽ നിന്ന് പുസ്തകവും വായിച്ചു കൊണ്ടിരിക്കുന്ന മീനയെ നോക്കി പറഞ്ഞു. നാട്ടുകാരിൽ നിന്നും അവൾക്കും കുടുംബത്തിനും ഒത്തിരി അനുഭവിക്കേണ്ടിവന്നു. ഇതിനിടയിൽ ഒരു ദിവസം അവൾ കൊറോണ ടെസ്റ്റ് ചെയ്തിരുന്നു. അതിന്റെ റിസൾട്ട് ഇന്ന് വരും എന്നാണ്പറഞ്ഞിരുന്നത്. അതുകൊണ്ടുതന്നെ അവൾക്ക് ആകെ കൂടെ ടെൻഷനും വെപ്രാളവും ഉടലെടുത്തു.

അവൾക്ക് കൊറോണ പോസിറ്റീവ് ആവുന്നതിനേക്കാളേറെ സമൂഹത്തിന്റെ മനോഭാവങ്ങൾ ഭയന്നു. ഈ

ദിവസങ്ങളിൽ അവൾ അനുഭവിച്ച ഓരോ ക്രൂരതകളും അവളിൽ മിന്നിമറിഞ്ഞു. ടെസ്റ്റ് ചെയ്യുന്ന മുമ്പ് നേരിട്ട വെല്ലുവിളികൾ മോശപ്പെട്ടതായിരുന്നു. അഥവാ ഇനി തന്റെ റിസൾട്ട് പോസിറ്റീവ് ആയാലോ? അവളുടെ ചിന്തകൾ ബെല്ലും ബ്രേക്കും ഇല്ലാതെ നീണ്ടുപോയി. 'ക്ലിംങ്' നോട്ടിഫിക്കേഷൻ ശബ്ദം കേട്ട് അവൾ ഞെട്ടി ത്തരിച്ചു. വിറയാർന്ന കൈകളാൽ മെസ്സേജ് എടുത്തു. എത്ര തൊട്ടിട്ടും സ്ക്രീൻ അനങ്ങാത്ത പോലെ അവൾക്ക് തോന്നി. "പ്രിയപ്പെട്ട മീര താങ്കളുടെ 27-08-21 ന് നടത്തിയ കോവിഡ്..." പരിശോധന ഫലം ബാക്കി വായിക്കുന്നതിനു മുമ്പ് ഫോൺ ഊർന്നുവീണു. അവളുടെ ഹൃദയമിടിപ്പ് ക്രമാതീതമായി ഉയർന്നു. ശ്വാസം വലിക്കാൻ വരെ അവൾക്ക് ബുദ്ധിമുട്ടായി. ശരീരം ഒട്ടാകെ തണുപ്പ് വ്യാപിച്ചു വയറിലൂടെ മിസൈൽ കടന്നു പോയ പോലെ തോന്നി. വായയിലെ ഉമിനീർ വറ്റിയിരിക്കുന്നു. വിറയാർന്ന കൈകൾ കൊണ്ട് താഴെനിന്നും ഫോണെടുത്തതിനു ശേഷം വീണ്ടും വായിക്കാൻ ആയി തുടങ്ങി. പ്രിയപ്പെട്ട മീര താങ്കളുടെ27-08-21 ന് നടത്തിയ കോവിഡ് പരിശോധനാഫലം നെഗറ്റീവ് ആയിരിക്കുന്നു. കോവിഡ് പ്രതിരോധത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി ദിശയിൽ 1056 ബന്ധപ്പെടുക. ആരോഗ്യവകുപ്പ് കേരള സർക്കാർ." ഇത് കണ്ടതോടുകൂടി അവൾക്കു ശ്വാസം നേരെ വീണു. എല്ലാം പഴയതുപോലെ ആകാൻ സെക്കന്റുകൾ വേണ്ടിവന്നു. അമ്മേ... എന്ന് വിളിച്ചു കൊണ്ട് അവൾ താഴേക്ക് ഓടി. "എന്താ മോളേ" അമ്മ വെപ്രാളപ്പെട്ട് കൊണ്ട് ചോദിച്ചു. അതുകൊണ്ട് തന്നെ അവൾക്ക് നേരെ പറയാൻ സാധിക്കുന്നില്ല. പല ഗോഷ്ഠി കാണിച്ച് കാര്യം പറയാൻ നോക്കിയെങ്കിലും വിഫലം ആയിരുന്നു. "ആളെ പേടിപ്പിക്കാതെ കാര്യം പറ കൊച്ചേ" അമ്മയുടെ ശബ്ദം കടുത്തു. അവളുടെ ഫോൺ അമ്മയ്ക്ക് നേരെ അവൾ തിരിച്ചു. അതിലെ മെസ്സേജ് കണ്ട അമ്മയുടെ കണ്ണുകൾ ആനന്ദഭരിതം ആയി. അമ്മയുടെ അടുത്തു നിന്നും ഒട്ടും പ്രതീക്ഷിക്കാതെ ഒരു അടി വീണു. "മനുഷ്യനിപ്പോൾ ഹാർട്ട് അറ്റാക്ക് വന്നേനെ പറഞ്ഞ് വീണ്ടും അടിക്കാനായി കൈപൊക്കിയപ്പോഴേക്കും "നാട്ടാരേ ഈ അമ്മ എന്നെ കൊല്ലാൻ വരുന്നേ" എന്നും പറഞ്ഞു കൊണ്ട് അവൾ റൂമിലേക്ക് ഓടിക്കയറി. അവൾ കൈയിലെ ഫോണിൽ തെളിഞ്ഞുനിൽക്കുന്ന റിസൾട്ടിലേക്ക് ചെറുപുഞ്ചിരിയോടെ നിമിഷങ്ങളോളം നോക്കി നിന്നു...

ശുഭം

നിൻഷ പുലക്കടവത്ത് 10A

# കർമ്മ ഫലത്തേക്കാൾ കർമ്മ സംതൃപ്തിക്ക് മുൻഗണന കൊടുക്കണം

ഒരിടത്തൊരിടത്ത് വിജയത്തിനുവേണ്ടി കൊതിക്കുന്ന കായികാഭ്യാസയായ ഒരു ബാലൻ ഉണ്ടായിരുന്നു. അവന് ജയം എന്നാൽ മത്സരത്തിൽ ഒന്നാമൻ ആവുക എന്നത് മാത്രമായിരുന്നു .ഒരു ദിവസം അവനും മറ്റ് രണ്ട് ചെറിയ കുട്ടികളും കൂടെ അവരുടെ ഗ്രാമത്തിൽ വെച്ച് ഒരു മത്സരം സംഘടിപ്പിച്ചു. ഈ ആവേശകരമായ മത്സരത്തിന് സാക്ഷികൾ ആവാൻ വൻ ജനാവലി തന്നെ അവിടെ തടിച്ചുകൂടിയിരുന്നു. കൂട്ടത്തിൽ മത്സരം കാണാൻ വേണ്ടി ദൂരെ ദിക്കിൽ നിന്നും വന്ന ഒരു ജ്ഞാനിയായ വൃദ്ധനും ഉണ്ടായിരുന്നു .കാത്തിരുന്ന ആ മത്സരം തുടങ്ങി .തുടക്കത്തിൽ എല്ലാവരും ഒരുപോലെ മുന്നേറിയെങ്കിലും ആ ചെറുപ്പക്കാരൻ അവന്റെ നിശ്ചയദാർഢ്യം കഴിവും ഉപയോഗിച്ച് കൊതിക്കുകയും ഒന്നാമത് എത്തുകയും ചെയ്തു. കാണികൾ ആവേശത്തോടെ തന്നെ എതിരേറ്റ ആ സമയം ഒരു സന്തോഷവും കാണിക്കാതെ ജ്ഞാനിയായ ആ വൃദ്ധൻ ശാന്തനായി നിന്നു .എങ്കിലും ആ ബാലന്റെ വിജയത്തിൽ അഭിമാനം തോന്നി. വീണ്ടും മത്സരം നടത്താൻ തീരുമാനിച്ചു. രണ്ട് ശക്തരായ യുവാക്കൾ ബാലനോടൊപ്പം മത്സരിക്കാൻ മുന്നോട്ടുവന്നു .മത്സരം തുടങ്ങി അവൻ തന്നെ വീണ്ടും ഒന്നാമത് എത്തുകയും ചെയ്തു. ജനങ്ങൾ വീണ്ടും അവനുവേണ്ടി കരഘോഷങ്ങൾ മുഴക്കി. ഒരു സന്തോഷവും കാണിക്കാതെ ജ്ഞാനിയായ വൃദ്ധൻ മാത്രം വീണ്ടും ശാന്തനായി നിന്നു. എങ്കിലും അവന് തന്റെ വിജയത്തിൽ അതിയായ സന്തോഷവും അഭിമാനവുമൊക്കെ തോന്നി. "അടുത്ത മത്സരം അടുത്ത മത്സരം!" അവൻ ആർത്തു വിളിച്ചു. അപ്പോൾ ആ സമയം ജ്ഞാനിയായ ആ വൃദ്ധൻ മുന്നോട്ടുവരികയും അവന് പുതിയ രണ്ട് എതിരാളികളെ കൊടുക്കുകയും ചെയ്തു. "അന്ധൻ എന്താണിത്?" ആ കുട്ടി തമാശരൂപത്തിൽ ചോദിച്ചു. 'ഇതൊരു മത്സരം അല്ലല്ലോ' അവൻ അത്ഭുതപ്പെട്ടു. "അനുസരിക്കൂ...." ആ വൃദ്ധൻ പറഞ്ഞു. ആ ബാലൻ മാത്രം ഓടുകയും മത്സരം മൂന്നാമതായി പൂർത്തിയാക്കുകയും ചെയ്തു. മറ്റു രണ്ടുപേരും തുടങ്ങിയിടത്തുതന്നെ നിൽക്കുകയായിരുന്നു. അവൻ സന്തോഷത്തിൽ കൈകൾ കാണികൾക്ക് നേരെ വീശി. പക്ഷേ ജനക്കൂട്ടം വിജയത്തിൽ സന്തോഷം പ്രകടിപ്പിക്കാതെ ശാന്തമായി നിന്നു "എന്തുപറ്റി"? എന്തുകൊണ്ടാണ് ആളുകൾ എന്റെ സന്തോഷത്തിൽ പങ്കു ചേരാത്തത്?" അവൻ ജ്ഞാനിയായ വൃദ്ധനോട് ചോദിച്ചു". "വീണ്ടും മത്സരം നടത്തൂ..." വൃദ്ധൻ മറുപടി പറഞ്ഞു. "ഈ സമയം നിങ്ങൾ മൂന്നു പേരും ഒരുമിച്ച് മത്സരം പൂർത്തിയാക്കണം". അദ്ദേഹം തുടർന്നു. ആ ബാലൻ കുറച്ചുനേരം ആലോചിച്ചു. എന്നിട്ട് കൂടെ

മത്സരിക്കുന്ന അന്ധയായ സ്ത്രീയുടേയും അന്ധനായ യുവാവിനെയും കൈപിടിച്ചു. അവൻ വളരെ പതിയെ അവരോടൊപ്പം നടന്ന് ഫിനിഷിംഗ് ലൈനിൽ എത്തി. ഇത്തവണ ആവേശത്തോടെ കരഘോഷത്തോടെ തന്നെ അവനെ എതിരേറ്റു. ആ ജ്ഞാനിയായ വൃദ്ധൻ അവനെ നോക്കി പുഞ്ചിരിയോടെ നോക്കി. ആ സമയം അവന് സന്തോഷവും അഭിമാനവും തോന്നി. "ഞങ്ങളിൽ ആർക്കുവേണ്ടിയാണ് അവർ കയ്യടിക്കുന്നത്? എനിക്ക് മനസ്സിലാകുന്നില്ല". അവൻ അദ്ദേഹത്തോട് പറഞ്ഞു. അദ്ദേഹം തോളിൽ കൈ വെച്ച് അവന്റെ കണ്ണുകളിലേക്ക് നോക്കി പതിയെ പറഞ്ഞു."മകനെ, ഇതുവരെ നീ വിജയിച്ച; മറ്റു 2 മത്സരത്തെക്കാൾ തിളക്കം ഉള്ളതാണ് ഈ മത്സരത്തിലെ നിന്റെ വിജയം ഇതിൽ അവർ കയ്യടിച്ചത് ഒരു വിജയിക്കും വേണ്ടിയല്ല". കൂട്ടുകാരെ,നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ എന്തിനു വേണ്ടിയാണ് ഓടിക്കൊണ്ടിരിക്കുന്നത്? മത്സരത്തിലെ വിജയമാണോ നിങ്ങളുടെ ജീവിതത്തിലെ ഒരേയൊരു അളവുകോൽ? നിങ്ങളുടെ ജീവിതത്തിന്റെ സായാഹ്നത്തിൽ നിങ്ങൾ തിരിഞ്ഞു നോക്കുമ്പോൾ ഈ ചോദ്യങ്ങൾ നിങ്ങളോട് ചോദിക്കപ്പെടും...... ഈ മത്സരത്തിൽ ആരാണ് നിങ്ങളുടെ കൂടെ ഓടിയത്? അവർ അവശരും പ്രായമുള്ളവരും ആണെങ്കിൽ നീ അവരെ ലക്ഷ്യസ്ഥാനത്ത് എത്താൻ സഹായിച്ചോ ? എല്ലാവരും ഒരുമിച്ചാണോ മത്സരം പൂർത്തിയാക്കിയത?. ഇതാണ് നിങ്ങൾക്ക് പങ്കെടുക്കാൻ കഴിയുന്ന ഏറ്റവും നല്ല മത്സരം അതുകൊണ്ട് ഓടുക. ജീവിതമെന്ന ഈ മത്സരത്തിൽ ഓടുക തന്നെ ചെയ്യുക! പക്ഷേ ഒരു കാര്യം നമ്മൾ മറക്കരുത്: വിജയിക്കുക എന്നതല്ല പ്രധാനം. ഈ മത്സരത്തിൽ നിങ്ങൾ എങ്ങനെ പങ്കെടുത്തു എന്നതാണ് പ്രധാനം.....

അതായത് നമ്മുടെ ജീവിതം എങ്ങനെ മറ്റുള്ളവർക്കും കൂടെ ഉപകാരപ്പെടുന്ന രീതിയിൽ ജീവിച്ചു തീർക്കാം എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം.

ഫാത്തിമ തെസ്നി 10 G

# അധ്യാപിക

വിജ്ഞാനമാം കൊച്ചു ലോകത്തിലെന്നുടെ

മാതൃത്വമൂറുന്നൊരധ്യാപിക.

എൻ അമ്മതൻ മൃദുസ്പർശങ്ങൾ പോലെ

ഓർക്കുന്നു ഇന്നും അധ്യാപികയെ, ഞാൻ

ആത്മാവിലാകർഷണീയതയുണർത്തുന്നു.

ആ അധ്യാപികതൻ വാക്കുകൾ

നന്മയുടെ പുഞ്ചിരിതൂകുമധ്യാപിക.

അറിവുകൾ തൂകിയെൻ ഹൃദയത്തിൽ സംഗീത-

രൂമഞ്ഞു പെയ്യുന്ന രാത്രിയുടെ

നാദമാണെന്നെന്നുമധ്യാപിക.

പകലായ് രാത്രിയായ്

മഴയായി കാറ്റായ്


എൻ ചുറ്റിലുമുണ്ടെന്നുമധ്യാപിക.

ആരിഫ 8L

# നിശാശലഭം

നിശാ മൂകയായി എന്നെരികിൽ
എന്നൊരു ശലഭം നീ......
നിൻ ശ്രുതിയിൽ വഴുതി വീഴും
മധുരിമനുകരും കമ്പിപോൽ!
സങ്കൽപ്പ ലോകത്തിൽ കഴിയും നാളിൽ
നിൻ മൗനമൊരു ചിറകൊടിഞ്ഞ
പക്ഷി പോൽ ഞാൻ കാണവേ
തിരകൾ ഞങ്ങൾക്ക് പറയാനുള്ളതെല്ലാം
കരയോട് കിന്നരിക്കുന്ന പോലെ
ഇന്നിതാ ദീർഘ വിഥിയിൽ
ഞാനുമൊരു വേഴാമ്പലായി കേഴുന്നു....

ജഫ്ന 8L



Shiban v

# ഒരു മഴക്കാലത്ത്

ഏതോ കലപില ശബ്ദം കേട്ടാണ് അവൾ ഉണർന്നത്. ആ കാഴ്ച കണ്ട് അവൾ അതിശയിച്ചു പോയി.

തുറന്നിട്ട ജനാലയുടെ കമ്പിയിൽ അതാ മഞ്ഞ നിറമുള്ള കുഞ്ഞിക്കിളി....!! മഴ നനഞ്ഞ് തണുത്ത് വിറക്കുന്നു.... കുനിപ്പിടിച്ച് അനങ്ങാതിരിക്കികയാണ് ആ മഞ്ഞക്കിളി. വീണ്ടും വീണ്ടും അവൾ ആ കുഞ്ഞിക്കിളിയെ നോക്കി. പാവം മഞ്ഞക്കിളി.. അവൾ അടുത്തേക്ക് നീങ്ങി കുഞ്ഞിക്കൈ നീട്ടി. മഞ്ഞക്കിളി കയ്യിലേക്ക് പതുക്കെ കയറി ഒതുങ്ങി ഇരുന്നു. മഞ്ഞക്കിളിയുടെ നനവ് അവളുടെ ദേഹം മുഴുവൻ കുളിര് നിറച്ചു. അവൾ അതിനെ നെഞ്ചോടു ചേർത്തു. പുറത്ത് ഒരു കിളി വല്ലാതെ ബഹളം വെക്കുന്നുണ്ട്. അത് അമ്മക്കിളി ആയിരുന്നു. മനസ്സില്ലാമനസ്സോടെ അവൾ ആ മഞ്ഞക്കിളിയെ ജനാലയുടെ പുറത്തേക്ക് നീക്കി. മഞ്ഞക്കിളി അമ്മയുടെ അടുത്തേക്ക്......

അമ്മക്കിളി കുഞ്ഞിക്കിളിയെ സന്തോഷത്തോടെയും വാത്സല്ല്യത്തോടെയും സ്വീകരിച്ചു. അവൾ ഒന്നിച്ചു പറന്നുപോയി. കുഞ്ഞിക്കിളി അവളെ സ്നേഹത്തോടെ തിരിഞ്ഞു നോക്കി.

ശുഹൈബ് 9L



# പെണ്ണായി പിറന്നവൾ

നാളെയെന്താണ് ! ഹാ, നാളെ!

ഇവൾപ്പെണ്ണ് ! പിറന്നൊരീ
നാളിലെ വെടിയപ്പെട്ടോ
രിവൾക്കെമ്മട്ടിൽ ജീവിതം!

സുഗതകുമാരിയുടെ പെൺകുഞ്ഞ് -90 എന്ന കവിതയിലെ വരികളാണ് ഞാനിന്നോർക്കുന്നത്. ഈ വരികളിലെ സൂചനകൾ നമ്മെ വ്യാകുലപ്പെടുത്തുന്നു. പെണ്ണായി പിറന്നു എന്ന കാരണത്താൽ 'അവൾ' അനുഭവിക്കേണ്ടി വരുന്ന യാതനകൾ....

തന്റെ അമ്മയുടെ ഗർഭപാത്രത്തിൽ കിടക്കുന്നത് മുതൽ അവൾ അനുഭവിക്കുന്ന ക്രൂരതകൾ. പെൺ ഭ്രൂണഹത്യ പണ്ട് കാലത്ത് സ്ത്രീധന പേടിക്കൊണ്ടാണെങ്കിൽ ഇന്ന് അവളെ ഈ ജീർണ്ണിച്ച സമൂഹത്തിൽ എങ്ങനെ സുരക്ഷിതമായി വളർത്തും എന്ന ചിന്തയാണ്. അവളുടെ സുരക്ഷിതത്വം ഏറ്റടുക്കാൻ ഒരു മനുഷ്യദൈവങ്ങളോ ആരാധനാ മൂർത്തികളോ ഇല്ല.

പെൺ ശരീരത്തെ വെറുമൊറു ഉപഭോഗ വസ്തുവായി മാത്രം കാണുന്ന കാമവെറികളുടെ ഒരു സമൂഹമായി നമ്മുടെ നാട് മാറിയിരിക്കുന്നു എന്നതാണ് വസ്തുത. നമ്മെ സംരക്ഷിക്കുന്ന നാം ആരാധിക്കുന്ന 'ആൾ ദൈവങ്ങൾ' പോലും നമുക്ക് തുണയായി ഇല്ലല്ലോ എന്ന നഗ്നമായ സത്യം തിരിച്ചറിയേണ്ടിയിരിക്കുന്നു. 'നമുക്ക് കാവലായ് നമ്മൾ മാത്രം' എന്ന് കാലം നമ്മെ ബോധ്യപ്പെടുത്തി കൊണ്ടിരിക്കിന്നു.

സാന്ദ്ര 10 A


# കോവിഡ് കാലം

യുഎഇയിലെ ഏറ്റവും പ്രചാരമുള്ള ദിനപത്രമായ "അൽ-ഖത്തിഹാദിൽ"കോവിഡ് പ്രതിരോധത്തിൽ കേരളം കൈവരിച്ച നേട്ടത്തെ പറ്റി ഉന്നത വിദ്യാഭ്യാസ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി കെ.ടി ജലീൽ എഴുതിയ ലേഖനം. കോവിഡ് 19 അതിജീവിക്കുന്നതിനും തുടർ വ്യാപന സാധ്യത തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ച് ലോകത്തിനുതന്നെ മാതൃകയാവുകയാണ് ഇന്ത്യയുടെ തെക്കേ അറ്റത്തുള്ള സംസ്ഥാനമായ കേരളം. ദേശവ്യാപകമായി ഇന്ത്യാ ഗവൺമെന്റ് ലോക്ക്ഡോൺ പ്രഖ്യാപിക്കുന്നതിന് മുമ്പു തന്നെ മാർച്ച് 23 മുതൽ 31 വരെ സംസ്ഥാനം പൂർണ്ണമായി അടച്ചിട്ട് കേരളം രാജ്യത്തിന് തന്നെ വഴികാട്ടി. അടുത്ത മാസം മൂന്നുവരെയാണ് ഈ നിയന്ത്രണങ്ങൾ തുടരുക. ഇക്കാലയളവിൽ കൊറോണ പൂർണമായും തുടച്ചു നീക്കപ്പെടുന്നത് വരെ ഗതാഗത സൗകര്യങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും പൂർണ്ണമായും നിശ്ചലമാവുകയും പൊതു അത്യാവശ്യ സംവിധാനങ്ങൾ ഭാഗികമായി മാത്രം തുറക്കപ്പെടുകയും ചെയ്യുന്ന സ്ഥിതി തുടരുകയാണ്. ഈ സന്നിഗ്ധ ഘട്ടത്തിൽ ഞാനോർക്കുന്നത് കേരളവും യുഎഇയും തമ്മിലുള്ള ഗാഢമായ ബന്ധമാണ്. പ്രത്യേകിച്ച് കേരളം ഒരു മഹാപ്രളയം അഭിമുഖീകരിച്ചപ്പോൾ യുഎഇ നീട്ടിയ സഹായ ഹസ്തമാണ്. യു എ ഇ സുപ്രീം കൗൺസിൽ പ്രസിഡന്റ് ഖലീഫ ബിൻ സായിദ് അൽ നഹ്യാനും അടിയന്തരമായി എമിറേറ്റ്സിലെ റെഡ് ക്രോസിന്റെയും മറ്റു സന്നദ്ധ സംഘടനകളുടെയും കീഴിൽ പ്രത്യേക കമ്മിറ്റി രൂപീകരിക്കുകയും ഗൾഫിലെ ഇന്ത്യൻ പ്രവാസി പ്രമുഖർ ഉൾപ്പെടെ കേരളത്തിലെ ദുരന്തബാധിതരെ സഹായിക്കാൻ ആവശ്യപ്പെടുകയും ചെയ്തത് എടുത്തു പറയേണ്ട കാര്യമാണ്. യുഎഇ വൈസ് പ്രസിഡന്റും ദുബായ് ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമും അബുദാബി കിരീടാവകാശിയും സമുന്നത സൈനിക മേധാവിയുമായ ശൈഖ് മുഹമ്മദ് ബിൻ സയിദ് അൽ നഹ്യാനും ദുരിതപൂർണമായ പ്രളയത്തിൽ ജീവഹാനി സംഭവിച്ചവർക്ക് അനുശോചനമറിയിച്ചതും സ്മരണീയമാണ്. 2018 ലെ മഹാ പ്രളയത്തിൽ നിരവധി പേർ മരിക്കുകയും ആയിരക്കണക്കിനാളുകൾ ഭവന രഹിതർ ആവുകയും ചെയ്തിരുന്നു. ആ ഘട്ടത്തിൽ യു എ ഇ ഗവൺമെന്റ് കേരളത്തിലെ പ്രവാസികൾക്ക് വേണ്ടിയും അവരുടെ കുടുംബങ്ങൾക്ക് വേണ്ടിയും ചെയ്ത അകമഴിഞ്ഞ സഹായത്തെ വിലമതിച്ചു കൊണ്ട് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി പിണറായി വിജയൻ ഒരാഴ്ച മുമ്പ് യു എ ഇ വാർത്താ ഏജൻസിക്ക് നൽകിയ പ്രസ്താവനയിൽ പറഞ്ഞത് പ്രത്യേകം പ്രസ്താവമാണ്. കേരളത്തിലെ ആരോഗ്യമേഖല പൊതുവിദ്യാഭ്യാസം പോലെ തന്നെ ലോകപ്രശസ്തമാണ്. അതിനായി കൊറോണ മഹാമാരിയുടെ വ്യാപന സാധ്യതയെ നേരിടുന്നതിനായി തുടക്കത്തിൽ തന്നെ കേരളത്തിന്റെ മുഖ്യമന്ത്രി അതിവിപുലമായ ആരോഗ്യ പാക്കേജുകൾ പ്രഖ്യാപിക്കുകയും പൊതു ആരോഗ്യ ചികിത്സാകേന്ദ്രങ്ങൾ യുദ്ധകാലടിസ്ഥാനത്തിൽ തയ്യാറാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. അതുകൊണ്ടുതന്നെ രോഗബാധിതരായ നിരവധിപേർ

സർക്കാറിന്റെ പൂർണ്ണ സംരക്ഷണം ഉറപ്പു വരുത്താൻ സാധിക്കുകയും രോഗമുക്തി നേടുന്നവരുടെ എണ്ണം ദിനേന വർധിക്കുന്ന സാഹചര്യമൊരുക്കാൻ കഴിഞ്ഞുവെന്നതും ആശ്വാസകരമാണ്. സ്വകാര്യ മേഖലകളിൽ കൂടുതൽ ആശ്രയിക്കാതെ പൂർണ്ണമായും സർക്കാർ സംവിധാനങ്ങൾ മാത്രമാണ് ഇതിനു വേണ്ടി ഉപയോഗപ്പെടുത്തിയത്. മാർച്ച് 15 ന് കേരളം 'Break the chain' പുതിയ ക്യാമ്പയിൻ തുടക്കം കുറിച്ചു. വ്യക്തിപരവും സാമൂഹികപരവുമായ ശുചിത്വത്തെ കുറിച്ച് ഒരു അവബോധം സൃഷ്ടിക്കുക എന്നതായിരുന്നു ഇതിലൂടെ പ്രധാനമായും ലക്ഷ്യം വെച്ചത്. ഇതിൻറെ ഭാഗമായി പിണറായി വിജയൻ സർക്കാർ റെയിൽവേ സ്റ്റേഷനുകളുടെ കവാടങ്ങൾ, ഓഫീസുകൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ കൈ കഴുകാനുള്ള വാട്ടർ ടാപ്പും സാനിറ്റൈസറും സംവിധാനിച്ചു. 35 million ജനസംഖ്യയുള്ള കേരളത്തിൽ 8.5 കുടുംബങ്ങൾക്ക് കാലയളവിൽ സൗജന്യമായി 15 കിലോ അരിയും ഭക്ഷ്യവിഭവങ്ങളും സർക്കാർ വിതരണം ചെയ്തു. വൈറസ് ബാധിത മേഖലകളിൽ നിന്ന് മടങ്ങി വരുന്നവർക്ക് 28 ദിവസം വീടുകളിൽ കർശന നിരീക്ഷണം ഏർപ്പെടുത്തി. ഇവരിൽ ആർക്കെങ്കിലും രോഗ ലക്ഷണങ്ങൾ ഉണ്ടായാൽ ആരോഗ്യപ്രവർത്തനങ്ങൾ അവിടെയെത്തുന്ന സ്ഥിതി ഉണ്ടാക്കി. ലോക്ക് ഡൗൺ കാലാവധി തീരുന്നതോടെ ഗൾഫ് മേഖലകളിൽ നിന്നും മറ്റു സ്ഥലങ്ങളിൽ നിന്നും പ്രവാസികളെ സ്വീകരിക്കുന്നതിനു വേണ്ട പൂർണ്ണ തയ്യാറെടുപ്പുകളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിൽ പുറത്ത് ജോലിചെയ്യുന്ന ദശലക്ഷക്കണക്കിന് പ്രവാസികൾ തിരിച്ചെത്തുമ്പോൾ അവരെ സർക്കാരിൻറെ നേതൃത്വത്തിൽ തന്നെ കോറന്റൈൻ ചെയ്യാനും ആവശ്യമായ ചികിത്സ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഇവിടെ പൂർത്തിയായിട്ടുണ്ട്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മികച്ച ചികിത്സാ സംവിധാനങ്ങൾ ആണ് കേരളത്തിലൊരുക്കിയിട്ടുള്ളത്. എല്ലാ വകുപ്പുകളും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇന്ന് എണ്ണയിട്ട യന്ത്രം പോലെയാണ് ചലിക്കുന്നത്. സാഹചര്യത്തിന്റെ ഗൗരവം മനസ്സിലാക്കി ഡോക്ടർമാരടക്കം ആരോഗ്യരംഗത്തെ ഒരു ജീവനക്കാരനും അവധിയിൽ പോകരുതെന്ന് സർക്കാർ നിർദേശം നൽകി. കോവിഡ് ചികിത്സയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് സർക്കാർ ആശുപത്രികൾ മാത്രമേ ആശ്രയിക്കാവൂ എന്ന് കർശന നിർദേശം നൽകി. സ്വകാര്യ ആശുപത്രികളുടെ സൗകര്യങ്ങൾ സർക്കാറിന് വിട്ടുനൽകണമെന്ന അഭ്യർത്ഥന ബന്ധപ്പെട്ടവർ ശിരസ്സ് വഹിച്ചു. സർക്കാർ ചികിത്സ സംവിധാനത്തിലെ ലഭ്യത സ്വകാര്യ മെഡിക്കൽ മേഖലയും പുഷ്ടിപ്പെടാൻ സഹായിച്ചു എന്നതാണ് യാഥാർത്ഥ്യം. ആരോഗ്യരംഗത്തെ ഈ സന്തുലിതത്വമാണ് കൊറോണക്കാലത്ത് കേരളത്തിന് തുണയായത്. കേന്ദ്ര-സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ലോക്ക് ഡൗൺ അക്ഷരാർത്ഥത്തിൽ കേരളത്തിൽ പാലിക്കപ്പെട്ടു. അതിൽ വെള്ളം ചേർക്കാൻ ആരെയും അനുവദിച്ചില്ല. ഒരു

സ്ഥലത്ത് അഞ്ചിലേറെ പേർ ഒരുമിച്ച് കൂടുന്നത് തടഞ്ഞു. എല്ലാ ദിവസവും മുഖ്യമന്ത്രി പിണറായി വിജയൻ തന്നെ നേരിട്ട് എത്തി പത്രസമ്മേളനം നടത്തി. കൃത്യമായ വിവരങ്ങൾ ജനങ്ങൾക്ക് നൽകി. ഇതിലൂടെ ഓരോ പത്രപ്രവർത്തകന്റെ ഭാവനയിൽ വിരിയുന്ന വാർത്തകളും സാമൂഹ്യമാധ്യമങ്ങളിൽ പ്രചരിക്കപ്പെടുന്ന തെറ്റായ വിവരങ്ങളും ഫലപ്രദമായി തടയാൻ സാധിച്ചു. ജനങ്ങളുടെ സാമ്പത്തിക പ്രയാസങ്ങൾ ദുരീകരിക്കാൻ സാമ്പത്തിക പാക്കേജ് പ്രഖ്യാപിച്ചു. ബുദ്ധിമുട്ട് നേരിടുന്ന മുഴുവൻ കുടുംബങ്ങൾക്കും കഴിയുന്ന സാമ്പത്തിക സഹായം നൽകി. എല്ലാ നികുതി പിരിവുകളും തൽക്കാലം നിർത്തിവച്ചു. ലോൺ തിരിച്ചടവുകൾക്ക് മറുപടി മൊറോട്ടോറിയം പ്രഖ്യാപിച്ചു. ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തിയിട്ടുള്ള അതിഥി തൊഴിലാളികൾ പട്ടിണി കിടക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ സംവിധാനമൊരുക്കി. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള കേരള സർക്കാർ സമഗ്രമായും സമ്പൂർണമായുമാണ് കോവിഡ് പ്രതിരോധ വെല്ലുവിളികളെ അഭിമുഖീകരിച്ചത്. ലോകത്തെ നടുക്കിയ മഹാമാരിയെ തോൽപ്പിക്കാൻ യുഎഇയും സമാന പാതയിലാണെന്ന് അറിയുമ്പോഴുള്ള സന്തോഷം അളവറ്റതാണ്.

മിസ്ന 9J



# സന്തോഷകരമായ ഞങ്ങളുടെ ഒരു ദീർഘയാത്ര

വർഷാനുവർഷങ്ങൾക്കുശേഷം, എന്നുവെച്ചാൽ എന്റെ ഉപ്പാന്റെ 40 വർഷങ്ങൾക്കുശേഷം, ഉമ്മാന്റെ 35 വർഷങ്ങൾക്കുശേഷം,എന്റെ 14 വർഷങ്ങൾക്കുശേഷം,അനിയത്തിയുടെ 7 വർഷങ്ങൾക്കുശേഷം,അനിയന്റെ 3 വർഷങ്ങൾക്കുശേഷം,നമ്മുടെ മലപ്പുറം ജില്ല വിട്ട് കുറച്ച് ദൂരെയായിട്ടുള്ള പാലക്കാട് ജില്ലയെ ഒന്ന് കണ്ടറിയാൻ വേണ്ടി ഒരു കൊച്ചു യാത്ര. ടൂറിസ്റ്റായിട്ട് ഒന്നുമല്ലാട്ടോ, എന്റെ ഉമ്മാന്റെ ഉമ്മയുടെ അനിയത്തിയെ [എന്റെ വല്യമ്മയുടെ അനിയത്തി] ഒന്ന് കാണാൻ അവരുടെ വീട്ടിലേക്ക് ആണ് യാത്ര. ദൂരെക്കാണ് എന്ന് കേട്ടപ്പോൾ തന്നെ ഞങ്ങൾ വലിയ സന്തോഷത്തിലായിരുന്നു. ഡിസംബർ 28 ചൊവ്വാഴ്ച രാവിലെ 3 മണിക്ക് ഞങ്ങൾ പട്ടാമ്പി വഴിയായിരുന്നു യാത്ര. പട്ടാമ്പി വഴി പോയപ്പോൾ റെയിൽവേ പാതകൾ കാണാൻ കഴിഞ്ഞു. തീവണ്ടി കാണാൻ ആഗ്രഹമുണ്ടായിരുന്നു. പക്ഷേ, തീവണ്ടി പോകുന്ന നേരം അല്ലാത്തതുകൊണ്ട് പോകുന്നത് കാണാൻ കഴിഞ്ഞില്ല. അങ്ങനെ ഞങ്ങൾ കുറേദൂരം സഞ്ചരിച്ചു.പൊട്ടിപ്പൊളിഞ്ഞ റോഡിലൂടെയും ഹൈവേ റോഡിലൂടെയും റെയിൽപ്പാള്ളതത്തിലൂടെയും, കുറെ പുഴകളും തോടുകളും കുളങ്ങളും കുത്തിയൊഴുകുന്ന ചാലുകള് കൂടാതെ, അനേകം വിശന്നുവലഞ്ഞ് വയറൊട്ടിയ നായകളെയും കണ്ടു. നായകളെ കണ്ടിട്ട് വിഷമം തോന്നിയെങ്കിലും ഞങ്ങളുടെ കയ്യിൽ അവർക്ക് കൊടുക്കാൻ ഒരു ദോശയെ ഒള്ളൂ.അത് ഞങ്ങള് അവർക്ക് എറിഞ്ഞുകൊടുത്തു. പിന്നീട് ഞങ്ങൾ കുറെ ദൂരം സഞ്ചരിച്ചു. പാലക്കാട് അങ്ങാടിയിൽ അധികവും തമിഴിലായിരുന്നു എഴുതി വെച്ചിരുന്നത്.

തമിഴ്നാടിൻറെ അതിർത്തിപ്രദേശമായതുകൊണ്ടും ചരക്കുകൾ കൊണ്ടുവന്നിറക്കാനും ചരക്കുകൾ കയറ്റുമതി ചെയ്യാനുമൊക്കെ തമിഴന്മാർ ഇങ്ങോട്ടുവരുന്നതുകൊണ്ടായിരിക്കാം തമിഴ് ഭാഷയിൽ എഴുത്തുകൾ കാണുന്നത്.മാത്രവുമല്ല, പാലക്കാടിൽ ഭൂരിഭാഗം ജനങ്ങളും ഹിന്ദുമതത്തിലും ക്രിസ്ത്യൻസ് മതത്തിലും പെട്ടവരാണെന്ന് മനസ്സിലാക്കുകയും ചെയ്തു.അങ്ങനെ ഞങ്ങൾ പാലക്കാട്ടെ അമ്മാവന്റെ വീട്ടിലെത്തി.

അവിടുന്ന് ഭക്ഷണം കഴിച്ചു.9 മണിക്ക് ഞങ്ങൾ പട്ടാമ്പിയിലെ മറ്റൊരു അമ്മാവനെയും അമ്മായിയെയും വീട്ടിലേക്ക് യാത്രയായി. ട്രെയിൻപാളം കടന്ന് കുറച്ച് പോയപ്പോൾ അവരുടെ വീടെത്തി. ഇവരുടെ വീട് പട്ടാമ്പിയിലെ ഒറ്റപ്പാലം എന്നിടത്താണ്. ഈ വീട് കുറെ കാലത്തെ പഴക്കമുള്ള വീടാണ്. കാവിയിട്ട്, ഓടുമേഞ്ഞ്, പൊട്ടിപ്പൊളിഞ്ഞ് വിഴാറായ ഒരു വീട്.ആ വീട്ടിൽ അമ്മായിയും അമ്മാവനും മാത്രം. ചുറ്റിലും മരങ്ങളുണ്ട്, കാറ്റും വെളിച്ചവും എല്ലാം കിട്ടുന്ന ഒരുഗ്രൻ സ്ഥലം.

ഹാ, പിന്നെ, വീടിനുള്ളിൽ ഇരുന്നാലും ദൂരെ നിന്നും ട്രെയിൻ പോകുന്ന ശബ്ദം ഒക്കെ കേൾക്കാൻ കഴിയുന്നുണ്ട്. പിന്നെ ഞങ്ങൾ ജ്യൂസ് കുടിച്ച് കൊണ്ട് യാത്ര പറഞ്ഞ് ഇറങ്ങി. പിന്നെ ഞങ്ങൾ പട്ടാമ്പിയിലെ ഓങ്ങല്ലൂരിലുള്ള മൂത്തമ്മയെ കാണാൻ പോകാൻ തീരുമാനിച്ചു. മൂത്തമ്മയുടെ വീട്ടിൽനിന്നും ചായകുടിച്ച് അവിടെ കുറച്ച് നേരം വിശ്രമിച്ച് അവിടെ നിന്നും യാത്ര പറഞ്ഞു. ഉച്ചസമയം. പിന്നീട് ഞങ്ങൾ കരിപ്പൂരിൽ ഉള്ള മൂത്തമ്മയെയും മറ്റൊരു എളാമ്മയെയും കാണാൻ കൂടിപ്പോയി. അപ്പോഴേക്കും ഞങ്ങൾക്ക് വിശക്കാൻ തുടങ്ങി. ഒരു ക്രീം ബണ്ണ് പാക്ക് വാങ്ങിച്ച് ഞങ്ങൾ അഞ്ചു പേരും വീതിച്ചെടുത്ത് കഴിച്ചു. പിന്നെ കുറേ ഇടവഴികളിലൂടെയും ഇരുവശങ്ങളിലും മരങ്ങളുള്ള റോഡിലൂടെയും സഞ്ചരിച്ചു. ഇരുണ്ടു മൂടിയ പ്രദേശം അവിടെ ഞങ്ങൾ പേടിയോടെ സഞ്ചരിച്ചു. കുറച്ച് ദൂരം സഞ്ചരിച്ചപ്പോൾ പാലക്കാട് എത്തി. അവിടെ നമ്മുടെ നാട്ടിൽ നിന്നും വളരെ വ്യത്യസ്തമാണ്. ധാരാളം റബ്ബർ തോട്ടങ്ങൾ, ചെറുപ്പക്കാർ മുതൽ പ്രായമായവർ വരെ അവിടെസൈക്കിൾ യാത്ര ചെയ്യുന്നു, കിണറുകളാണെങ്കിലോ അധിക വീടുകളിലും ചെറുതാ! ബിരിയാണി വെക്കുന്ന ഒരു ചെമ്പിന്റെ വലുപ്പം മാത്രം. ഇവയെല്ലാം കണ്ണിന് കുളിർമയേകുന്ന ഒരു കാഴ്ചയായിരുന്നു.

ഹാ,പിന്നെ,പാലക്കാട് ചന്തയും കണ്ടു.നിറയെ തമിഴന്മാരായ ആളുകളാണ് അവിടെ. പൊട്ടിപ്പൊളിഞ്ഞ് കുണ്ടും കുഴിയുമുള്ള റോഡ്. ചിലർ റിക്ഷാ പോലത്തെ വണ്ടികളില് ചരക്കുകൾ വച്ച് തള്ളികൊണ്ടുപോകുന്നു. ചിലരാവട്ടെ, അന്യസംസ്ഥാനങ്ങളിലേക്ക് ഉള്ള ചരക്കുകൾ ലോറിയിലേക്ക്കയറ്റ്കൊണ്ടിരിക്കുന്നു.റോഡിലൂടെ കുറേ പശുക്കൾ നടക്കുന്നുണ്ട്.കാഴ്ചകള് കണ്ട് ആസ്വദിച്ച് കഴിഞ്ഞപ്പോയേക്കും എളാമയുടെ വീട്ടില് എത്തിയത് അറിഞ്ഞില്ല.വീട്ടിലേക്ക് കയറി.കുറച്ചു നേരം വിശ്രമിച്ചു.പിന്നീട്ഞങ്ങളുടെ വീട്ടിലേക്ക് മടങ്ങി.അങ്ങനെ, പോകുന്ന വഴിയിലാകെ തിരക്കായിരുന്നു. എങ്ങനെയൊക്കെ വീട്ടിലെത്തി. മറക്കാൻ കഴിയാത്ത ദിവസമായിരുന്നു അന്ന്.

സയ്യിദത്ത് ആയിശ ഫിദ 9.E

# HEAVENLY DAYS

Most wonderful days and age
with tree expression all rage
The days which growing up by dreams
from young when learning star
That reading's fun and maths is
Cool while writing's taste
Really, boring while sitting mood
for every child it is essential
To realise their full potentiol
There is many brighter men
To stimulate their interest
That was the wonderful
Awesome, unforgettable heaven
That is school!
When years of school days and last
Will the children reminises
They realise, it was not a prison
It was a garden with fortunate's
And finally will say
"They were the best days of our lives"

Fathima Minha.P.P

# I WROTE MYSELF A LETTER


I wrote my self a letter
I mailed it right away
And sure enough, the carrier
delivered it today.

I couldn't wait to get it
I nearly had to shout.
I quickly tore the envelope.
And pulled the letter out.



I anxiously unfolded it.
But now I must consede,
I am clueless as to what it says.
I have not learned to read.

Fidha Thesni.10 H




Liyana PK



# പോസിറ്റീവ്

റോഡ് വിജനമായിരുന്നു. ആമ്പുലൻസ് അത്യുഗ്രമായി ചീറിപ്പാഞ്ഞു. ചുവന്ന ലൈറ്റ് കത്തിച്ച് 'യൂയീ' ശബ്ദത്തോടെ വണ്ടി അതിവേഗം ആശുപത്രി പ്രവേശിച്ച. ജോബിനും ഞാനും അയാളെ ഐസിയു-വിലേക്കാക്കി. ഡോക്ടർമാരും നെഴ്സുമാരും അയാളുടെ അടുക്കലേക്ക് പാഞ്ഞെത്തി.

പക്ഷെ, നിർഭാഗ്യം എന്നുപറയട്ടെ ആ വൃദ്ധൻ അധികം വൈകാതെ മരണമടയുകയാണുണ്ടായത്. ആമ്പുലൻസിൽ കയറ്റാം നേരം അയാൾ ഗത്ഗതപൂർവ്വം പറഞ്ഞ വാക്കുകൾ ഞാനോർത്തു.

"ഞാനിപ്പോ മരിക്ക്വോ...?"

“മരിക്ക്യേ...? താങ്കളെപ്പോലെ ഒരുപാട് പേരെ ഞാൻ രക്ഷിച്ചിരിക്കുന്നു...

താങ്കളെയും ഞാൻ രക്ഷിക്കും. ധൈര്യമായിരിക്കൂ....”ഞാൻ അയാളെ ആശ്വാസപ്പെടുത്തിയിരുന്നു.

എന്റെ ഉള്ള് വിങ്ങിനീറി. എന്റെ ആമ്പുലൻസിലൂടെ സ്വർഗകവാടം തേടിപ്പോകുന്ന രണ്ടാമത്തെ വ്യക്തിയാണിയാൾ. ആദ്യത്തേത് ഒരു കോവിഡ് രോഗി,അത് ഒരു കൊച്ചു പൈതലായിരുന്നു. എന്റെ കുറു-മ്പി പെണ്ണിന്റെ പ്രായം. കയ്യിൽ കിട്ടുമ്പോൾ ആ മോന്റെ മുഖം ചുവന്നു തുടുത്തിരുന്നു. പൊള്ളുന്ന ചൂടു-ണ്ടായിരുന്നു. കണ്ണുകൾ പാതി അടഞ്ഞ്...

അന്ന് ഞാൻ എന്റെ വണ്ടിക്കു പോകാൻ കഴിയുന്ന മാക്സിമം വേഗത്തിൽ ഓടിച്ചിരുന്നു. ആശു-പത്രിയെത്തുന്നതിന് രണ്ടു മിനുട്ട് മുമ്പ് അവന്റെ ജീവനും പൊലിഞ്ഞു പോയി. അതിന്റെ പേരിൽ രണ്ടു ദിവസം ഞാൻ മരവിച്ചതുപോലെയായി. തൊണ്ട വിണ്ടതുപോലെ അനുഭവപ്പെട്ടു. ഈ കൊറോണ വൈറസ് രൂപപ്പെടാൻ കാരണക്കാരായ ചൈനക്കാരെ ഞാൻ പഴിചാരി.

വൈകീട്ട് മരിച്ച വൃദ്ധന്റെ മകൻ ഫോൺ ചെയ്ത് വയക്കിട്ടു. അത്യാതികം കോപാകുലനായിരുന്ന. എന്തുകൊണ്ട് കുറച്ച്കൂടി വേഗത്തിൽ പോയില്ല എന്ന് ചൊല്ലി വേണ്ടതിനും വേണ്ടാത്തതിനുമൊക്കെ അയാൾ ദേഷ്യപ്പെടാൻ തുടങ്ങി.അയാളുടെ അഛൻ മരണപ്പെട്ടതു തന്നെ ഞാൻ കാരണമാണെന്ന് അയാൾ പറഞ്ഞൊപ്പിച്ചു. ഞാൻ ഒന്നും മറുപടി പറഞ്ഞില്ല. അയാളോട് തർക്കിക്കാതിരിക്കുന്നത് അയാളുടെ വാദം ശരിയായതു കൊണ്ടല്ല.

എത്രയൊക്കെ ഉത്തരവാദിത്വം ജോലിയിൽ അർപ്പിച്ചാലും ഇത്തരം പഴിവാക്കുകൾ കേൾക്കുക എന്നത് അമ്പുലൻസ് ജീവനക്കാരന്റെ വിധിയാണ്. എത്രയൊക്കെ കഷ്ട്പ്പെട്ടാലും ഒടുക്കം കുറ്റം മുഴുവനും അവർക്ക് മേലാണ്. കണ്ണൊന്നു ചിമ്മുമ്പോഴേക്കും കിഡ്നിയും കരളും മുറിച്ചു മാറ്റാൻ കൂട്ടുനിക്കുകയും, പ്രൈവറ്റ് ആശുപത്രിയിലേക്ക് മാത്രം കൊണ്ടുപോയി അവരിൽ നിന്നും കമ്മീഷൻ വാങ്ങിക്കുകയും ചെയ്യുന്ന ക്രൂരന്മാരായ ആമ്പുലൻസ് ഡ്രൈവർമാർ മാത്രമല്ല നല്ലവരായ ആമ്പുലൻസ് ഡ്രൈവർമാർമാരും നാട്ടിലുണ്ട് എന്ന് ആളുകൾ മനസ്സിലാക്കണം.

ആ മകന്റെ ഫോൺ ഞാൻ ഒരു വിധത്തിൽ കട്ട് ചെയ്ത് ലോഡ്ജിലേക്ക് നടന്നു. പി.പി.ഇ കിറ്റും മറ്റും അഴിച്ചുവെച്ച് സാനിറ്റൈസ് ചെയ്ത് കുളിച്ച് കിടക്കമ്മേൽ വീണു. ഇന്ന് വല്ലാത്ത ക്ഷീണം അനുഭവപ്പെട്ടു.

രണ്ടു നാൾ കൂടി കഴിഞ്ഞു. ഇടവേളയില്ലാത്ത ചീറിപ്പായലുകൾക്ക് ശേഷം കൂടുതൽ ക്ഷീണം അനുഭവപ്പെട്ടു. കഴിക്കുന്ന ആഹാരത്തിന് രുചി, മണം തുങ്ങിയവ നഷ്ടപ്പെട്ടു. പനി ഭയാനകമായി പിടികൂടി.

അസഹനീയമായ തലവേദന കൂടിയായപ്പോൾ ഞാൻ പിന്നെ വൈകിച്ചില്ല. ആർ.ടി.പി.സി.ആർ ടെസ്റ്റിന് കൊടുത്തു. അടുത്ത ദിവസം തന്നെ റിസൾട്ട് വന്നു. ഉൽക്കാപ്പെട്ടതുപോലെ തന്നെ സംഭവിച്ചു. റിസൽട്ട് **'പോസിറ്റീവ്'!**

**അനന്യ 9N**



# അതിജീവനത്തിന്റെ നാളുകൾ

**കൊ**റോണ എന്ന മഹാമാരിയിൽ

പേടിച്ച നിൽക്കുന്നു ലോകമാകെ

ഭയത്തിൻ ദിനങ്ങളും മരണത്തിൻ കാലൊച്ചയും

ഈ ലോകമാകെ വിറച്ചിടുന്നു.

അതിജീവനത്തിന്റെ അർത്ഥം മറക്കാതെ

കൈകൾ കഴുകി ശുചിയാക്കിയും

മാസ്ക് ധരിച്ചു മുഖം മറച്ചും

വിട്ടിലിരുന്നും മനുഷ്യരൊക്കെ

ഒറ്റകെട്ടായി നിന്നു പോരാടീടാം

തോൽപ്പിച്ചിടാം ഈ കൊറോണയെ..

ഷാമിൽ 8 M

# പ്രതീക്ഷ

നല്ല തണുപ്പുള്ള ഒരു പ്രഭാതം. പുതപ്പിനുള്ളിൽ മൂടിപ്പുതച്ചു കിടക്കാൻ പറ്റിയ സമയം. ജാലകത്തിൽ നിന്നും കിളികളുടെ ശബ്ദവും അടുക്കളയിൽ നിന്നുള്ള ഭക്ഷണത്തിന്റെ മണവും എല്ലാം കൂടി വന്നപ്പോ ഉറങ്ങാനുള്ള ആ ഒരു ഉശാർ തന്നെ പോയി. പിന്നെ ഒന്നും നോക്കിയില്ല.നേരെ എണീറ്റ് പ്രഭാതകൃത്യങ്ങൾ ഒക്കെ ചെയ്ത് സ്കൂളിലേക്ക് പോകാനുള്ള ദൃതിയിലാണ്ടു. ബാഗും ബുക്കും ശരിയാക്കാത്തതിനുള്ള വഴക്ക് അമ്മ പറയുന്നുണ്ട്. ഒന്നും കേൾക്കാതെ ഞാൻ സ്ക്കുൾ ബസിന് കാത്തുനിന്നു. പെട്ടെന്ന് അതാ അമ്മ വിളിക്കുന്നു. "അപ്പൂ....അപ്പൂ... നീ ചോറ്റു പാത്രം എടുത്തില്ല....."വേഗം ഓടി പോയി എടുത്തു കൊണ്ടു വന്നു. അപ്പോഴേക്കും ബസ് വന്നിരുന്നു.

അങ്ങനെ സ്ക്കുളിലെത്തി. എന്നത്തെയും പോലെ തന്നെ വേണോ വേണ്ടയോ എന്നുവച്ചുള്ള പഠിത്തവും കൂട്ടുകാരോടപ്പമുള്ള കളിയും അന്നം ഉണ്ടായിരുന്നു. പക്ഷെ, പതിവിലും വിപരീതമായി ഉച്ചക്ക് ശേഷമുള്ള സമയത്ത് .പേട്ടെന്ന് അധ്യാപകർ ക്ലാസിലെത്തി. എന്തൊക്കെയോ ഒരു കശപിശ തോന്നി. എല്ലാവരും തമ്മിൽ എന്തൊക്കെയോ പറയുന്നുണ്ട്. പെട്ടെന്ന് എല്ലാവരും നിശ്ശബ്ദരായി. ക്ലാസധ്യാപകനെ ശ്രദ്ധിച്ചിരുന്നു. അന്നാധ്യമായി കൊറോണ എന്ന് കേട്ടപ്പോൾ ക്ലാസിൽ എല്ലാവരും പൊട്ടിച്ചിരിച്ചു. പക്ഷെ,അധ്യാപകൻ പറഞ്ഞു തന്ന കൊറോണയുടെ വിപത്തുകൾ കേട്ടപ്പോൾ എല്ലാവരും ഞെട്ടി. സ്കൂളുകളെല്ലാം അടക്കുകയാണെന്ന് അധ്യാപകൻ പറഞ്ഞപ്പോഴേക്കും കണ്ണിൽ നിന്നും ഞാൻ പോലും അറിയാതെ കണ്ണുനീർ വന്നു. എല്ലാം പറഞ്ഞു തീർത്ത് അവസാനം ഇനി പിന്നീട് കാണാം എന്നും പറഞ്ഞ് അധ്യാപകൻ പോയി. സ്കുൾ കാലഘട്ടം അത്രയേറെ ഇഷ്ട്ടപ്പെട്ടു വരുവായിരുന്നു. ആ സന്തോഷം ഒരു നിമിഷം കൊണ്ട് ഇല്ലാതായപ്പൊ എല്ലാവരും കരഞ്ഞു. എല്ലാവരോടും യത്ര പറഞ്ഞ് സ്കൂളിന്റെ പടികളിൽ നിന്നും മെല്ലെ ഇറങ്ങി. അങ്ങനെ വീട്ടിൽ എത്തി. അന്ന് മുഴുവനും കൊറോണയെ പറ്റിയുള്ള ചിന്ത ആയിരുന്നു. ചെറിയ പനിയിൽ നിന്നും മരണം വരെ എത്തി. ലോകം ഒരുപാട് മാറി. ആ പഴയ ലോകത്തെ വീണ്ടെടുക്കാൻ ശ്രമിച്ച കൊണ്ടേയിരിക്കുന്നു....

റുമൈസ 9S

# വളരുന്ന കേരളവും വിനോദ സഞ്ചാര സാധ്യതകളും

ലോകമെമ്പാടും ഉള്ള രാഷ്ട്രങ്ങളിൽ സാമ്പത്തികവളർച്ച, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, വികസനം, എന്നിവയ്ക്ക് വിനോദസഞ്ചാരം വലിയ സംഭാവന നൽകുന്നു. ശാസ്ത്ര സംഘടന കേരളത്തെ ഏഷ്യയിലെ പ്രധാന കേന്ദ്രം ആകുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. പ്രളയവും കോവിഡ് മഹാമാരിയും സൃഷ്ടിച്ച പ്രതിസന്ധികൾ നേടിയ വിലങ്ങുതടി ആണെങ്കിലും അതിനെയെല്ലാം സമർത്ഥമായി അതിജീവിച്ച് മുന്നേറാൻ കേരളത്തിനു സാധിച്ചിട്ടുണ്ട്.

പ്രകൃതി സൗന്ദര്യവും കാലാവസ്ഥയും ജൈവവൈവിധ്യം ആണ്. കേരളത്തിന്റെ പ്രത്യേകത നമ്മുടെ നാടിൻറെ ഓരോ മുക്കിലും മൂലയിലും സവിശേഷങ്ങൾ ഉണ്ട്. അവയുടെ ടൂറിസം സാധ്യത അനന്തമാണ്. അത് കണ്ടെത്തി നൽകാൻ സാധിച്ചാൽ വിനോദ മേഖലയിൽ വലിയ കുതിച്ചുചാട്ടം നടത്താൻ നമുക്ക് സാധിക്കും.

വിനോദസഞ്ചാരവികസനം എന്നത് കേരളത്തിലെ വികസനപ്രക്രിയയിൽസുപ്രധാന ഘടകമായിട്ടാണ് സർക്കാർ കാണുന്നത്. വർത്തമാനകാലത്ത് വിനോദസഞ്ചാരമേഖല ചർച്ചയുടെയും മത്സരത്തിന്റെയും പാതയിലൂടെയാണ് നീങ്ങുന്നത് കേരളത്തിന്റെ വരുമാനത്തിൽ 10% ഈ മേഖലയിൽ നിന്നാണ്.

"ദൈവത്തിന്റെ സ്വന്തം നാട്" എന്ന കേരളത്തിന്റെ പരസ്യവാചകം തന്നെ ലോകമെങ്ങും ശ്രദ്ധേയമാണ്. അത് ഊട്ടിയുറപ്പിച്ച കൊണ്ടുള്ള പ്രചാരണത്തിനപ്പുറം വൃത്തിയും ആദിത്യമര്യാദയും ഉള്ള നാടായി നമ്മുടെ സംസ്ഥാനം മാറേണ്ടതുണ്ട്. ഗ്രാമങ്ങൾ നഗരങ്ങളായി മാറുന്നതിന് അപ്പുറം വിനോദസഞ്ചാര പ്രാധാന്യമുള്ള സ്ഥലങ്ങൾ സർക്കാറിന് നിലനിർത്താൻ സാധിക്കണം.

അതുല്യ. 10A

# സൈബർ ദുരന്തം

ജീവിതം ആകെ മടുത്തിരുന്നു. അപ്പോഴാണ് ആ ദിവസത്തിന്റെ ഇരുപത്തിമൂന്നാമത്തെ വരവ്. ഇരുപത്തിമൂന്നാമത്തെ വർഷവും കടന്നു പോകുന്നു. ഞാൻ വരുത്തിവച്ചത് തീരാദുഃഖമായിരുന്നു. എന്നെ കെട്ടിപിണഞ്ഞിരുന്ന ആ സൈബർ ലോകം എവിടെ?. അവസാനം ഒരു ഇരുട്ടുമുറിയും ചങ്ങലയും സമ്മാനിച്ച് പോയില്ലേ...ആ ലോകം വാക്കുകൾക്കും ഉപദേശങ്ങൾക്കും എത്രത്തോളം കരുത്തെന്ന് ഞാനിന്നറിയുന്നു. അന്ന് 1995 നവംബർ മൂന്നിന് തങ്ങളുടെ അഭിമാനത്തെ കാത്തിരിക്കുകയായിരുന്നു. എന്റെ മാതാപിതാക്കൾ, ഞാൻ കരഞ്ഞപ്പോൾ അവർ ചിരിച്ച ഏകദിനം. ഏന്നിട്ട് സ്നേഹപൂർവ്വം അവർ ഏനിക്ക് നീന എന്നു പേരിട്ടു. എന്റെ ഓരോ വളർച്ചയിലും അവർ അതിർ കവിഞ്ഞ് ആനന്ദിച്ചു. പക്ഷേ,എന്തൊക്കെയോ എന്നെ അലോസരപ്പെടുത്തിയിരുന്നു. ഞാൻ എന്നെതന്നെ വലിയൊരു സാങ്കേതികവിദ്യയിൽ തളച്ചിട്ടു. ആ കുഞ്ഞു സ്ക്രീനിൽ പലതും എന്റെ മുമ്പിലൂടെ ഓടിനടന്നു. ഒടുവിൽ ചുറ്റിലുള്ളതൊന്നും കാണുവാൻ കഴിയാതെ ഒരു വലിയ കുഴിയിൽ ചെന്നു ചാടി. ഇപ്പോൾ ആരുമില്ല എന്റെ കൂടെ, എന്തിന് സ്വന്തം കണ്ണുനീർപോലും എന്നെ വെറുപ്പോടെ നോക്കുന്നു. എന്റെ വളർച്ച എനിക്കുതന്നെ ഭാരമായിത്തീരുന്നു.

ഫാത്തിമ മിൻഹ പി. പി 9N

# പത്രം

അതിരാവിലെ ഉന്മേഷത്തോടെ അയാൾ പത്രം കൈയ്യിലെടുത്തു. ആദ്യം കണ്ണിലുടക്കിയത് ഒരു കൈവെട്ട് കേസായിരുന്നു. അതിനെ കണ്ടെന്ന് നടിക്കാതെ താഴോട്ട് നോക്കിയപ്പോഴോ...

ഒരു ബോംബ് സ്ഫോടനവും കസ്റ്റഡി മരണവും. നല്ലത് വല്ലതും വായിക്കാനുള്ള അത്യാശയോടെ അയാൾ ഉൾപേജുകളിൽ കണ്ണോടിച്ചു.

ആത്മഹത്യകൾ, കൊലപതകങ്ങൾ, പീഡനങ്ങൾ പെൺവാണിഭങ്ങൾ, മോഷണക്കേസുകൾ, രാഷ്ട്രീയ അഴിമതികളുടെ തുടർ പരമ്പരകൾ...സഹികെട്ട് അയാൾ പത്രം കീറിയെറിഞ്ഞു.

ശേഷം അയാളിൽ തിന്നതീർന്ന ദീർഘനിശ്വാസം കാറ്റിലലിഞ്ഞു ചേർന്നു.

"ഹാ......എന്തൊരാശ്വാസം........!!!”

ഷഹന 9 L

# അമ്മ

അമ്മക്ക് തുല്യം അമ്മ മാത്രം. "അ" യിൽ തുടങ്ങുന്ന ഏറ്റവും നല്ല വാക്കാണ് അമ്മ. അമ്മയെന്ന രണ്ടക്ഷരത്തിന് അർത്ഥവും വ്യാപ്തിയും കണ്ടെത്തുക എന്നത് അനിർവചനീയമാണ്. ലോകത്തിലെ ഏറ്റവും മനോഹരമായ പദവും അമ്മ എന്നതാണ്. ഉമ്മ അമ്മ എന്ന് എങ്ങനെ വിളിച്ചാലും വിളിക്കുന്ന ആളിനും കേൾക്കുന്ന ആളിനും ഇത്രയേറെ സംതൃപ്തി നൽകുന്ന ഒരു വാക്ക് ഏത് നിഘണ്ടുവിലും ഇല്ല. പിച്ചവെച്ച് നടക്കുന്ന കാലം മുതൽ ഈ ലോകത്തോട് നമ്മൾ വിട പറയുന്നതുവരെ സുഖത്തിലും ദുഃഖത്തിലും ഒരുപോലെ പറയുന്ന പേരാണ് അമ്മ. നല്ലതായാലും ചീത്തയായാലും സങ്കടം വരുമ്പോഴും സന്തോഷം വരുമ്പോഴും ഓടിയെത്തുന്നത് നമ്മുടെ അമ്മയുടെ അടുത്തേക്കാണ്. ആ അമ്മയുടെ തലോടൽ ആഗ്രഹിക്കാത്തവരായി ആരും ഉണ്ടാകില്ല. നമ്മുടെ ഉയർച്ചയിലും താഴ്ചയിലും നമുക്ക് താങ്ങും തണലുമായി അമ്മയെ ഉണ്ടാവൂ. അമ്മ ഇല്ലാതാകുമ്പോഴാണ് ആ അമ്മയുടെ വിലയും മഹത്വവും മനസ്സിലാവുക. "നീ എവിടെയാണ്....? ആഹാരം കഴിച്ചോ...?നീ വീട്ടിൽ എത്താറായോ...?" കൂടെ കൂടെ ഇങ്ങനെ ചോദിക്കാൻ അമ്മയെ കാണൂ. ഒരു അമ്മമാരും ഓരോ പാഠപുസ്തകങ്ങളാണ്. നമുക്ക് മാത്രമായി ദൈവം എഴുതിയ പാഠപുസ്തകം. നമ്മുടെ ആദ്യത്തെ അധ്യാപികയും അമ്മയാണ്. അമ്മയാണ് ഒരു മനുഷ്യന്റെ ജീവിതത്തിലെ ഏറ്റവും വലിയ സൗഭാഗ്യം.

ദിൽശാന ഷെറിൻ 10G

# സന്തോഷത്തിന്റെ കണ്ണുനീർ

പതിവിലും നേരത്തെ അവൻ വീട്ടിലേക്ക് സന്തോഷത്തോടെ വന്നു. ആ വലിയ വീടിൻറെ പടികയറി അവൻ അച്ഛന്റെ അടുത്തേക്ക് ഓടി വന്നു. കമ്പ്യൂട്ടറിൽ എന്തോ കാര്യപ്പെട്ട പണിയിലാണ് അച്ഛൻ. അച്ഛാ..... ഇന്ന് ടീച്ചർ ഒരു കഥ പറഞ്ഞു തന്നു. എനിക്ക് ഒത്തിരി ഇഷ്ടപ്പെട്ടു. കമ്പ്യൂട്ടറിൽ നിന്ന് തലയെടുത്ത് അച്ഛൻ മകനെ ഒന്ന് നോക്കി. എന്നിട്ട് അവന്റെ അടുത്ത് വന്നിരുന്ന പറഞ്ഞു.. "ഉണ്ടോ പുതിയ വിശേഷം...? അവൻ തലയാട്ടി എങ്കിൽ പറ ഞാൻ കേൾക്കട്ടെ......" അച്ഛനെ ഒന്ന് നോക്കിയശേഷം അവൻ കഥ പറയാൻ തുടങ്ങി. ഒരു കുട്ടി ഉണ്ടായിരുന്നു. പാവപ്പെട്ട കുട്ടിയായിരുന്നു. എല്ലാത്തിനും നല്ല മിടുക്കനായിരുന്നു. എല്ലാദിവസവും ക്ലാസ്സിൽ വരുമായിരുന്നു. അവന്റെ പുൽവീടിന് തീപിടിച്ചപ്പോൾ അവനും അമ്മയും നാട്ടുകാരുടെ സഹായത്തോടെ ഒരു ഓലമേഞ്ഞ വീടുണ്ടാക്കി. ഒരു ദിവസം ടീച്ചർ എല്ലാവരോടും വലുതായിട്ട് ആരാവണം എന്ന് ചോദിച്ചു. ആ കുട്ടി പറഞ്ഞത് എല്ലാവരെയും സഹായിക്കാൻ പറ്റുന്ന ഒരു നല്ല മനുഷ്യൻ ആവണം എന്നാണ്. കുട്ടികൾ എല്ലാവരും അവനെ കളിയാക്കി ചിരിച്ചു. അങ്ങനെ ആ കുട്ടി വളർന്നു തന്റെ ലക്ഷ്യങ്ങൾ ഒക്കെ കൈവരിച്ച് കോടീശ്വരനായി. ഞങ്ങളുടെ സ്കൂൾ വലിയ പ്രതിസന്ധിയിൽ ആയപ്പോൾ ആ കുട്ടിയാണ് ഞങ്ങളുടെ സ്കൂളിന് വികസനങ്ങൾ വരുത്തി ഉയർച്ചയിലേക്ക് എത്തിച്ചത്. അച്ഛാ........ എനിക്ക് ഇതുപോലെ ഒരു വലിയ ആളാവണം അവൻ പറഞ്ഞു നിർത്തി. സജിൻ മകനെ നോക്കി അവന്റെ തലയിൽ തലോടി. "ഞാൻ ഈ കഥ അമ്മക്ക് കൂടി പറഞ്ഞുകൊടുത്ത് വരാം". സജിൻ പുഞ്ചിരിച്ചു. അവൻ തന്നോട് ആയിത്തന്നെ പറഞ്ഞു: "എൻറെ കഥ എന്റെ മകൻ എനിക്ക് തന്നെ പറഞ്ഞുതന്നെന്ന്. എൻറെ ലക്ഷ്യം ആണ് എന്നെ ഇവിടെ എത്തിച്ചത്". അവൻറെ കണ്ണിൽ സന്തോഷത്തിന്റെ കണ്ണുനീർത്തുള്ളികൾ ചാലിട്ടൊഴുകി.

# കൊറോണ എന്ന ഭീകരൻ

തുള്ളി കളിച്ചും ചിരിച്ചു പഠിച്ചും
തുമ്പിയെപ്പോലെ പറന്നു നടന്നും
ഒപ്പമുള്ളോരൊത്ത് ഉണ്ടും ഉറങ്ങിയും
ഓർക്കുന്നു ഞാൻ ആ ആനന്ദ നാളുകൾ
ഒട്ടും നിനക്കാതെ വന്നു
ആ... കാട്ടാള രോഗത്തെ
ഓർത്തു നടുങ്ങുന്നു
എന്തൊരു പേരാണ്...
എന്തൊരു പേരാണ്...
വൃത്തിയില്ലാത്തൊരു കീടാണുവിന് നാമം...

നദിഷ 8N

# എൻ പിറന്ന നാട്

എൻ സ്വന്തം നാടിത്

ഹരിത വസന്ത തീർത്തൊരു പ്രകൃതിയും
പൊൻകതിരുകളാൽ നിറഞ്ഞ പാടവും
തീർത്തണയും പുഴനീർ ജലങ്ങളാൽ
എത്രമാം ശോഭിതം
എൻ പിറന്ന നാട്

മുഹമ്മദ് ഷഫീഖ് 10H

# ഒറ്റക്ക്

മരങ്ങളുടെ വേരറുത്ത്
ഇഞ്ചിഞ്ചായി ഉടലെടുത്ത്
മരത്തെ മരണത്തിലേക്കയച്ചത്
അയാൾ ഒറ്റക്കായിരുന്നു

പുഴയിൽ വലയെറിഞ്ഞ്
മീനുകളെ കുട്ടയിലാക്കി
മണ്ണും മണലും കവർന്നതും
അയാൾ ഒറ്റയ്ക്ക്

പറക്കും പക്ഷിയെ
വെടിവെച്ചും വലവെച്ചും
അന്തരീക്ഷമാകാശമാകേ
വിഷപ്പുക വീശിയോടിക്കുന്നതും
അയാൾ ഒറ്റയ്ക്ക് തന്നെ

ഒടുവിൽ
മരങ്ങൾ കാൺകെ
പുഴയിൽ തെന്നിവീണ്
മാനം സാക്ഷിയായി
ശ്വാസം വെടിഞ്ഞത്
കാണാൻ ആരുമില്ലായിരുന്നു
അയാൾ ഒറ്റയ്ക്ക്...



ശാഹിദ 9 L

# ഒരു ബാലന്റെ കഥ

ധാരാളം പ്രതീക്ഷിച്ച് കിടന്നിട്ടുണ്ട് ജീവിതത്തിലെ സായാഹ്ന സന്ധ്യകൾ; നാളുകളിലേക്ക് കൈ പിടിക്കുന്നതും പ്രതീക്ഷിച്ച്...ധാരാളം ആഹ്ലാദിച്ചിട്ടുമുണ്ട് ഓരോ പ്രതീക്ഷകളും തളിരിടും എന്നോർത്ത്.പക്ഷേ,വിഷത്തിൽ മുക്കിയെടുത്ത കറുത്ത കൈകൾ അവരുടെ ജീവിതത്തെ പ്രാരാബ്ധത്തിൽ മുക്കികൊല്ലുമായിരുന്നു ..................

സ്വപ്നം കത്തിയെരിഞ്ഞ പ്രാണൻ മുളക്കാൻ ഒരിടം തേടിയുള്ളവരുടെ പ്രയാണം മരണത്തിന്റെ വഴിവക്കിലൂടെയായിരുന്നു. സ്വപ്നങ്ങളുടെ ഹൃദയത്തുടിപ്പുകൾ ബാക്കിവെച്ച് ജനങ്ങൾക്കുമുമ്പിൽ മെഡിറ്ററേനിയൻ പോലും മുട്ടുമടക്കിയിട്ടുണ്ടാവണം. മൃദു ഒപ്പം ചേർത്ത് അവന്റെ തിരുനാളും കെട്ടടങ്ങിയ സ്വപ്നങ്ങൾ തീരത്ത് വന്നടിഞ്ഞു.ചിന്നിച്ചിതറിയ ആ സ്പടികപ്പൊട്ടുകൾക്ക് മുമ്പിൽ അന്തിയിൽ പോലും തിരമാലകൾ നടുങ്ങിയിട്ടുണ്ടാവണം...

ഷിഫ്ന 9I

# ക്രൂശിക്കപ്പെടുന്ന മാതാപിതാക്കൾ

ഏകദേശം 75 വയസ്സ് പ്രായം തോന്നിക്കുന്ന ഒരു വൃദ്ധനാണ് രാജൻ പിള്ള. രണ്ട് ആൺമക്കളും ഒരു മകളുമാണ് അദ്ദേഹത്തിനുള്ളത്. ഭാര്യ ഒരു വർഷം മുമ്പ് മരണപ്പെട്ടു. അതിനുശേഷം മകൻ ചന്ദ്രന്റെ കൂടെയായിരുന്നു അദ്ദേഹം താമസിച്ചിരുന്നത്.

ഒരു ദിവസം അച്ഛന് രാവിലെ ചായയുമായി പോയ ചന്ദ്രന്റെ ഭാര്യ അദ്ദേഹത്തിന്റെ മുറിയിൽ വച്ച് ചായയും പാത്രവും നിലത്ത് എറിയുകയും ബഹളം വെക്കുകയും ചെയ്തു. ഇത് കേട്ട് ഓടിയെത്തിയ ചന്ദ്രൻ കാര്യമന്വേഷിച്ചപ്പോൾ ഭാര്യ പറഞ്ഞത് അച്ഛൻ എന്നോട് അപമര്യാദയായി പെരുമാറി എന്നതാണ്. എന്നാൽ വാർദ്ധക്യസഹജമായ രോഗം കാരണം ശരീരം ഏകദേശം ഒരു കോല് പോലെ മെലിഞ്ഞ രാജൻ പിള്ള എന്താണ് സംഭവിക്കുന്നത് എന്ന് പോലും അറിയാതെ അന്തം വിട്ടിരിക്കുകയായിരുന്നു. ഇക്കാരണം പറഞ്ഞ് ചന്ദ്രൻ അച്ഛനെ വീട്ടിൽ നിന്നും ഇറക്കി വിട്ടു. ചന്ദ്രനും അദ്ദേഹത്തിൻറെ ഭാര്യയും കൂടി കളിച്ച ഈ നാടകം ആധുനിക സമൂഹത്തിലെ മക്കൾക്ക് നല്ല അഭിനയപാഠം തന്നെയാണ്.

തകർന്ന മനസ്സും തളർന്ന ശരീരവുമായി രാജൻ പിള്ള ഇളയമകൻ അശോകന്റെ വീട്ടിലേക്ക് ചെന്നപ്പോൾ തനിക്കും ഭാര്യക്കും ജോലിക്ക് പോകേണ്ടതിനാൽ അച്ഛനെ ഇവിടെ നിർത്താൻ പറ്റില്ല എന്നും പറഞ്ഞ് സഹോദരിയുടെ വീട്ടിലേക്കാണ് അശോകൻ അച്ഛനെ കൊണ്ടുപോയത്. രണ്ടു ദിവസം അച്ഛനെ നോക്കിയ വിസ്മയ ഭർത്താവിന്റെ നിർദ്ദേശപ്രകാരം അച്ഛനെയും കൊണ്ട് ജേഷ്ഠൻമാരുടെ വീട്ടിലെത്തിയെങ്കിലും അവരാരും തന്നെ അച്ഛനെ സ്വീകരിക്കാൻ തയ്യാറായില്ല. ആ സമയം തന്നെ മകൾ വിസ്മയ അദ്ദേഹത്തെയും കൂട്ടി ബസ് സ്റ്റാന്റിലേക്ക് പോവുകയും അദ്ദേഹത്തെ അവിടെ നിർത്തിയിട്ട് ഇപ്പോൾ വരാം എന്ന് പറഞ്ഞ് സ്ഥലം വിടുകയും ചെയ്തു.

രാത്രിയായിട്ടും വീട്ടിൽ പോകാതെ നിൽക്കുന്ന രാജൻ പിള്ളയെ ശ്രദ്ധിച്ചിരുന്ന ചെറുപ്പക്കാർ കാര്യം അന്വേഷിച്ചപ്പോഴാണ് കരളലിയിപ്പിക്കുന്ന ഈ സംഭവം പുറംലോകം അറിയുന്നത്. ഉടനെതന്നെ അവർ അദ്ദേഹത്തെ വൃദ്ധസദനത്തിലേക്ക് മാറ്റുകയും ചെയ്തു.

ഇത് വെറുമൊരു കഥയല്ല ജീവിതത്തിലെ നല്ലൊരു ഭാഗം മക്കൾക്ക് വേണ്ടി ചെലവഴിച്ച പിതാവിനോട്

ആധുനിക സമൂഹത്തിന്റെ സന്തതികൾ കാണിച്ച "കാരുണ്യത്തിന്റെ" കഥയാണ് .ഏതാനും വർഷങ്ങൾക്ക് മുമ്പ് പത്രത്താളുകളിലൂടെ ഞാൻ വായിച്ച ഒരു വാർത്തയാണിത്. നമ്മുടെ ഭൗതികജീവിതത്തിൽ കടപ്പെട്ടിട്ടുള്ളവർ ഏറെയാണ്. അതിലെ പ്രധാന കണ്ണിയാണ് നമ്മുടെ മാതാപിതാക്കൾ. എന്നാൽ ഇന്നിന്റെ സമൂഹം മാതാപിതാക്കൾക്ക് യാതൊരു പരിഗണനയും നൽകാതെ "വൃദ്ധസദനം" എന്ന നരകത്തിലേക്ക് തള്ളിവിടുകയാണ്. മനുഷ്യന് ജീവിതത്തിൽ ഏറ്റവും കൂടുതൽ കാരുണ്യം ലഭിക്കുന്നത് മാതാപിതാക്കളിൽ നിന്നാണ്. അത് നമുക്ക് തിരിച്ച് നൽകാൻ കഴിയണം. അതുകൊണ്ടാണ് പ്രവാചകൻ മുഹമ്മദ് നബി 1400 വർഷങ്ങൾക്കു മുമ്പ് മാതാപിതാക്കളുടെ കാൽപാദത്തിന്റെ അടിയിലാണ് സ്വർഗ്ഗമെന്ന് പ്രഖ്യാപിച്ചത്.

ലോകാടിസ്ഥാനത്തിൽ തന്നെ പുല്ലുപോലെ വളർന്നുവരുന്ന ഒന്നാണ് വൃദ്ധസദനങ്ങൾ. രാഷ്ട്രീയവും ആനുകാലികവും ചർച്ച ചെയ്ത് വെക്കുമ്പോൾ അമ്മമാരെ വലിച്ചെറിയുന്ന ഇത്തരം നീചകൃത്യങ്ങൾ ചർച്ചയ്ക്ക് വെക്കാത്തത് എത്ര ആഭാസകരമാണെന്ന് നാം മനസ്സിലാക്കണം. പത്തുമാസം വയറ്റിൽ കൊണ്ട് കഷ്ടപ്പാടിന്റെ നെല്ലിപ്പടി ചവിട്ടി അവസാനം പ്രാണവേദന സഹിച്ച പെറ്റമ്മയേയും മുന്നോട്ടുള്ള ഒഴുക്കിൽ സാമ്പത്തികമായും ശാരീരികമായും മാനസികമായും വേദനകൾ സഹിച്ച പിതാവിനേയും തള്ളിപ്പറയുന്ന സ്നേഹത്തിന്റെ ലവലേശം പോലുമില്ലാത്ത മക്കളുടെ പൈശാചിക ബുദ്ധിയിൽ നിന്നും വരുന്ന ക്രൂരതകളുടെ ഫലമാണ് ഇന്ന് കാണുന്ന വൃദ്ധസദനങ്ങൾ.

മക്കളും ബന്ധുക്കളും എല്ലാം ജീവിച്ചിരിക്കെ അനാഥരായി പോകുന്ന ചിലർ ജീവിതത്തിൻറെ സായാഹ്നം വരെയും മക്കൾക്ക് വേണ്ടി ജീവിച്ച ശേഷം കാലുകളിടറി തുടങ്ങുമ്പോൾ അവർ വീടുകളുടെ പടിയിറങ്ങുന്നു. അല്ലെങ്കിൽ ഉറ്റവർ പടിയിറക്കുന്ന രംഗം എത്ര ഭയാനകമാണ്.

മനോരമയുടെ കാഴ്ച്ചപ്പാട് പേജിൽ ഒരു സർക്കാർ കെയർ ഹോം സൂപ്രണ്ട് പറഞ്ഞ കാര്യമാണിത്. ആരും ഇല്ലാത്തവരാണെന്നോ, വഴിയിൽ നിന്ന് കിട്ടിയവരാണെന്നോ പറഞ്ഞുകൊണ്ട് വൃദ്ധൻമാരെ കൊണ്ടുവരുന്നത് മക്കളാണെന്ന് അറിഞ്ഞിട്ട് പോലും അവർക്ക് പ്രവേശനം നൽകാറുണ്ടത്രേ... സ്വന്തം പിതാവിനെ വഴിയിൽ നിന്ന് കണ്ടുകിട്ടിയതാണെന്ന് പറയുന്ന മക്കളുടെ മാനസികനില എന്താണെന്നത് നാം ചിന്തിക്കേണ്ടത് തന്നെ.

മധുര സ്വപ്നങ്ങൾ നെയ്യുന്ന കൗമാരക്കാർക്കും മധുവിധു ആഘോഷിക്കുന്ന യുവമിഥുനങ്ങൾക്ക് വാർദ്ധക്യത്തിന്റെ ശബ്ദം അസഹ്യമാകാൻ തുടങ്ങി. അവരെ പ്രത്യേകം എവിടെയെങ്കിലും താമസിക്കേണ്ടത് അത്യാവശ്യമായി മാറി. കുട്ടിത്തത്തിന്റെ ചെയ്തികൾ വാർദ്ധക്യത്തിൽ കണ്ടുവരുന്നതും പ്രശ്നമായി തീർന്നു. ഈ അവസരത്തിലാണ് വൃദ്ധസദനങ്ങളുടെ കടന്നുവരവ് ഉണ്ടായത്. ജീവിതത്തിന്റെ അന്ത്യയാമങ്ങളിൽ ഒറ്റപ്പെടലിന്റെ നൊമ്പരം മരണത്തെ വാരിപ്പുണരാൻ പ്രേരിപ്പിച്ചു. വൃദ്ധസദനത്തിലുള്ള മാതാപിതാക്കൾ മരിക്കുമ്പോളാണ് പ്രിയ മക്കളുടെ ഞെട്ടിക്കുന്ന പ്രതികരണം കേൾക്കുന്നത്. കൃത്യമായ ഫോൺ നമ്പറോ

അഡ്രസ്സോ നൽകാതെയാണ് മാതാപിതാക്കളെ വൃദ്ധസദനത്തിൽ കൊണ്ടുപോയാക്കുന്നത്. കൃത്യമായ വീട് തേടിപ്പിടിച്ച് പിതാവോ മാതാവോ മരിച്ചെന്നറിയിച്ചാൽ അവരുടെ മറുപടി "ഇങ്ങനെയൊരു അമ്മ എനിക്കില്ല" എന്നോ "ഞങ്ങൾക്ക് കാണേണ്ട, എന്തെങ്കിലും ചെയ്തോളൂ..."എന്നുള്ള പ്രതികരണമാണ് കേൾക്കാൻ സാധിക്കുക.

അപ്പർ കുട്ടനാട്ടിലെ 70 വയസ്സുള്ള ഭാര്യയായ ഡോക്ടറുടേയും 80 വയസ്സുള്ള അഭിഭാഷകനായ ഭർത്താവിന്റെയും കഥ ആരോ പറഞ്ഞു തന്നത് ഞാൻ ഓർക്കുന്നു. ഒരു പഴക്കം ചെന്ന ഓർമ്മ പുതുക്കലാണ്. പഴക്കം ചെന്നത് കൊണ്ട് ഓർമ്മയിൽ പിഴവുണ്ടോ എന്നറിയില്ല." മകന്റെ വാഹനത്തിൻറെ ഹോൺ കേട്ടാൽ ഏതുപാതിരാത്രിയിലും വീട്ടിൽ നിന്നും ഓടി പറമ്പിൽ ഒളിക്കുകയും എല്ലാം കഴിഞ്ഞ് മകൻ ലൈറ്റ് ഓഫ് ചെയ്തു കിടന്നുറങ്ങി എന്ന് ഉറപ്പായാൽ അവർ രണ്ടുപേരും കാർ ഷെഡിൽ കിടന്നുറങ്ങുകയും ചെയ്യുന്നു." ആട്ടിയോടിക്കുന്ന തെരുവ് നായ്ക്കളെപ്പോലെ ആയിരിക്കുകയാണ് ഈ മാതാപിതാക്കൾ.

ധാരാളം യാതനകളും വേദനകളും സഹിച്ച് പ്രിയ മക്കളെ അത്യുന്നത ജോലിയിലേക്ക് പറഞ്ഞയച്ച് ജീവിതത്തിന്റെ സന്ധ്യാസമയത്ത് സ്വന്തം ഇല്ലത്തിൻറെ പൂമുഖത്ത് വിശ്രമിക്കാം എന്ന് കരുതിയ മാതാപിതാക്കൾ വരെ ആ മക്കളുടെ ക്രൂര കഥാപാത്രങ്ങളായി മാറിയിരിക്കുകയാണ്.

വൃദ്ധന്മാർ അവഗണിക്കപ്പെടേണ്ട പാഴ് വസ്തുക്കളല്ല. അവർ വീടിന്റെയും നാടിന്റെയും അതായത് സമൂഹത്തിന്റെയു തന്നെ ഐശ്വര്യ സ്നേഹത്തിൻറെ സന്ദേശവാഹിനികളാണ്!

സഫ്‌വ പീ.കെ 9 L


SCHOOL

# മഴ

പാടത്തൂടെ നടക്കുന്നേരം

വാടിയ ചെടികൾ കണ്ടു ഞാൻ

മേഘം മൂടിയ മാനം നോക്കി

മാടി വിളിച്ചു മഴയെ ഞാൻ

പൊടികൾ പറത്തിയണഞ്ഞൂ വേഗം

വീശിയടിക്കും കുളിർകാറ്റ്

ഇടിയുടെ ശബ്ദം കേട്ടൊരു നേരം

ഓടിയൊളിച്ചു വീട്ടിൽ ഞാൻ

കുടുകുടെ മഴയതു പെയ്തൊരു

നേരം മോടിയിലാടി ചെടിയെല്ലാം......

ആഫീല 10G

# ചങ്ങാതി

ഓരോ കാഴ്ചയും

ഓരോ ഓർമ്മയാകുന്ന

അപ്രതീക്ഷിതങ്ങളുടെ

നാട്ടുവഴിയിൽ

മിനാരങ്ങളുടെ

തണലിൽ വച്ച്

കൊഴിഞ്ഞുവീണ

കൊന്നപൂക്കളിൽ

എനിക്ക് എന്റെ

ചങ്ങാതിയെ കിട്ടുന്നു

ഞാനാരെന്നോ,

നീയാരാണെന്നോ ചോദിക്കാതെ

സൗഹൃദത്തിൽ

കരൾ നിറഞ്ഞു തൂവുന്നു

ഈ പുലരി .


അജ്നാസ്9I

# ഇനി എത്ര നാൾ

മാനത്ത് തലയുയർത്തി നിന്ന് സൂര്യൻ അവരെ തുറിച്ച് നോക്കുന്നു. സമയം ഒരുപാട് മുന്നോട്ട് പോയിരിക്കുന്നു.'ഇനി എത്ര നാൾ' എന്ന മട്ടിൽ അവർ സമരപ്പന്തലിൽ തുടരുകയാണ്. വഴിവക്കിലൂടെ ചീറിപ്പായുന്ന ചില കണ്ണുകളും അവരെ തുറിച്ചുനോക്കി. പരിഹാസമോ അതോ ദയയോ ? എന്തോ...? ആ കണ്ണുകളിൽ ചിലത് പരിഹാസമാണെന്ന് മനസ്സിലാക്കാൻ അവർക്കധികം നേരം വേണ്ടിവന്നില്ല. കൂട്ടത്തിൽ മുതിർന്ന വ്യകതി എണീറ്റു. "വല്ലതും കഴിച്ചോ നിങ്ങൾ...? വിശക്കുന്നുണ്ടാവൂലെ...? കാത്തിരിക്കൂ...ഞാൻ കൊണ്ടുവരാം".

നഗ്നമായ പാദങ്ങൾ ചുടുമണ്ണിൽ പതിപ്പിച്ച് അയാൾ നടന്നുനീങ്ങി. അയാൾ നെറ്റിയിൽ തടവി. തന്റെ ഊർജ്ജം സൂര്യൻ വറ്റിക്കുടിക്കുന്നു എന്നതിനാൽ അയാൾ നാലുഭാഗവും തണൽതപ്പി. അകലെ പ്രത്യക്ഷപ്പെട്ട 'ആൽ' തന്റെ ജീവിതത്തിലെ മറക്കാനാവാത്ത ഒരു ഭാഗമായിരുന്നു. പാടത്തു പണിയും കഴിഞ്ഞ് ക്ഷീണിച്ച തന്നെ തലോടി ഉറക്കിയത് ആ മരമാണ്. ഏതോ കോടാലിയുടെ വെട്ടേറ്റുനിൽക്കുന്ന ആ മരം തന്നെക്കാൾ നിസ്സഹായനാണെന്ന് ഒരു നിമിഷം അയാൾ ഓർത്തു. അയാൾ വീണ്ടും നീങ്ങി. നിഗൂഢമായ ഇടവഴിയിൽ ചേർന്നു. കണ്ണുകൾ അറിയാതെ വഴിയുടെ ഇടത്തേക്കു തിരിഞ്ഞു. പേരമക്കളെ എപ്പോഴും കുളിപ്പിക്കുന്ന പുഴയാണവിടം. ഇപ്പോൾ ഭയമാണ്, പലതരം മാലിന്യങ്ങൾ തന്റെ ആരോഗ്യത്തിന്റെ ശത്രുവായതിൽ. കുരക്കുള്ളിലെ അടുപ്പ് എന്നോ മരിച്ചു. അവിടുന്നുമിവിടുന്നുമായി ശേഖരിച്ചു കൂട്ടി പുറത്ത് ഒരു അടുപ്പുണ്ടാക്കി. തന്റെ ഭാര്യ അതിൽ ഊതുകയാണ്. അടുപ്പിലെ പാത്രം കണ്ട് അയാൾ മനസ്സിലാക്കി. 'ഇന്നും കിഴങ്ങ് തന്നെ'. "വായക്ക് സ്വാദുള്ളത് ഇനിയെപ്പോൾ കിട്ടും?". ഭാര്യയുടെ പരാതിക്കുമേൽ പരാതി. "ഞങ്ങളുടെ കൂടെ പോര്. എത്ര നാൾ ആ പന്തലിൽ ഇരുന്ന് മുഷിക്കും ? എന്തിന് വേണം ഊ കുരയും കാടും ?". മക്കളുടെ വക വേറെ പറച്ചിൽ. അവർ അങ്ങനെ പലതും പറയും, തന്നെ വളർത്തിയ കാടിനെ വിടാൻ കഴിയില്ലെന്ന് അയാളും. കിഴങ്ങ്, പേപ്പറിൽ പൊതിഞ്ഞു അയാൾ തിരിച്ചു. ഓരോ ചുവടുവെപ്പിലും അയാളുടെ ഉള്ളിൽ ഒരേയൊരു ചോദ്യം 'ഇനി എത്ര നാൾ...?'

ശാഹിദ 9 L


save the beauty of earth



# ഏകൻ

പുറത്ത് കാറ്റും മഴയും തുടർന്നു കൊണ്ടേയിരിക്കുകയായിരുന്നു. തുറന്നിട്ട ആ ജനലിലൂടെ പുറത്തേക്ക് നോക്കിക്കൊണ്ട് അയാൾ ആരോടെന്നില്ലാതെ പറഞ്ഞു "ഈ സമയത്ത് ഏകാന്തതയെ അകറ്റാൻ ഒരാളുണ്ടായിരുന്നുവെങ്കിൽ.......” ചുമരിലെ തൂങ്ങിക്കിടക്കുന്ന രണ്ട് ചിത്രങ്ങളിലേക്ക് നോക്കി കൊണ്ട് അദ്ദേഹം ഒരു ഭ്രാന്തനെ പോലെ പറഞ്ഞു: ഞാനിപ്പോൾ ഏകനാണ് നിങ്ങളുണ്ടായ കാലത്ത് ഞാൻ സന്തോഷിച്ചു, പക്ഷെ ആ സന്തോഷങ്ങൾ നിങ്ങളുണ്ടായത് കൊണ്ടാണെന്ന് ഞാൻ അറിഞ്ഞിരുന്നില്ല. ഇപ്പോൾ ഞാനോർക്കുന്നു ആ ദിനം ഒന്നും കൂടി വന്നെങ്കിൽ....”

അപ്പോൾ ചുമരിൽ തൂക്കിയിട്ട സഹകരണ ബാങ്കിന്റെ കലണ്ടറിലെ അടിഭാഗത്തിലെ മഹത്തായ വാക്കുകൾ പാറി കളിച്ചു കൊണ്ടേയിരുന്നു. “തിരമാലയും കാലവും ആരെയും കാത്തു നിൽക്കില്ല"

കണ്ണടച്ച് കിടക്കുമ്പോൾ മനസ്സിൽ ആ രണ്ട് മഹാ മനുഷ്യർ ആയിരുന്നു. ആരായിരുന്നു ആ രണ്ടു മനുഷ്യർ...? “ഒന്ന് സ്വന്തം അമ്മയായിരുന്നു മറ്റേത് അച്ഛനും".

അശറലി 9 L

# കോവിഡ്:വൈറസിനെ അതിജീവിച്ച ദിനങ്ങൾ

കോവിഡ് 19 മഹാമാരിക്ക് മുമ്പിൽ ലോകം ഇന്ന് കീഴടങ്ങിയിരിക്കുകയാണ്. കൊറോണയെക്കുറിച്ച് ആദ്യമായി ഞാൻ കേൾക്കുന്നത് കുറച്ചു മാസങ്ങൾക്ക് മുമ്പാണ്. മാസങ്ങൾ കഴിഞ്ഞുപോയി, സ്കൂൾ അവധിക്കുള്ള സമയമായി. വേനൽക്കാലത്തേക്കുള്ള ചിന്തയിലായിരുന്നു എല്ലാവരും. അപ്രതീക്ഷിതമായാണ് കൊറോണ മൂലം സ്കൂൾ അടക്കുന്നത്. പരീക്ഷകളെല്ലാം പോയപ്പോൾ ഞാനും കൂട്ടുകാരും സന്തോഷത്തിലായിരുന്നു. പക്ഷെ....,ആ സന്താഷം അധിക നാളൊന്നും ഉണ്ടായില്ല.

ആദ്യത്തെ ദിവസങ്ങൾ സന്തോഷത്തോടെ ചിലവഴിച്ചു. പിന്നിടുള്ള ദിനങ്ങൾ വീട്ടിൽ ഇരുന്ന് മടുത്തു. വൈകാതെ ഞാനെന്റെ കഴിവുകളെ പുറത്തെടുത്തു. രണ്ട് മാസത്തിന് ശേഷം പുതിയ അധ്യായന വർഷം തുടങ്ങി. കൂട്ടുകാരുമൊത്ത് പുതിയ സ്കൂളിലേക്ക് പുത്തൻ യൂണിഫോം ധരിച്ച് പോകുന്നത് വെറുമൊരു സപ്നം മാത്രമായി. ടീവിയുടെ മുമ്പിൽ ഇരിക്കുമ്പോൾ വഴക്ക് പറഞ്ഞിരുന്ന മാതാപിതാക്കൾക്ക് ഇന്ന് ടീവിയുടെ മുമ്പിൽ കുട്ടികളെ ഇരുത്തേണ്ട അവസ്ഥയായി. പഠനം പിന്നിട് ഡിജിറ്റലായി. പരീക്ഷകളും ഓൺലൈനായി. പിന്നീടങ്ങ് കോവിഡ് ഉയർന്നു. മരണക്കണക്ക് കൂടുതലായി, ഓക്സിജൻ ക്ഷാമം, എല്ലാവരും ഭീതിയിലായി. വീട്ടിൽ ഇരുന്ന് ശ്വാസം മുട്ടിത്തുടങ്ങി. മറ്റുള്ളവർ കൊറോണ വന്ന് മരിക്കുമ്പാഴും 'നമുക്കെന്താ' എന്നായിരുന്നു.

കോവിഡ് ഉയർന്നതോടെ ആ ചോദ്യം ഇല്ലാതായി. ഓരോ ദിവസവും ഉയരുന്ന കോവിഡ് ആയിരങ്ങളാണ്. ഒരു വർഷം പഠനം ഡിജിറ്റലായി. അടുത്ത അധ്യായന വർഷവും തുടങ്ങി. പിന്നീടും പഠനത്തിന് ഡിജിറ്റൽ മാർഗത്തെ ആശ്രയിക്കേണ്ടി വന്നു. കോവിഡിനെ അതിജീവിച്ച് സ്കൂളുകൾ തുറക്കുമെന്ന വാർത്ത കണ്ടതോടെ മനസ്സിൽ ഒരു സന്തോഷം. ആ ആഗ്രഹമാണ് നവംബർ 1ന് സാധിച്ചത്. കൈ കഴുകിയും മാസ്ക് ധരിച്ചും അകലം പാലിച്ചും പുത്തൻ ഉടുപ്പിട്ട് സ്കൂളിലേക്ക് പോകാൻ തുടങ്ങി. ഈ കോവിഡ് എനിക്ക് തുറന്ന് തന്നത് ചിത്രരചനയുടെ വാതിലായിരുന്നു. 'ഭയമല്ല,ജാഗ്രതയാണ് വേണ്ടത്".

ഹന കെ 9 E

# മലയാളമെന്നൊരു ഭാഷ

ഇന്ത്യയിൽ പ്രധാനമായും കേരള സംസ്ഥാനത്തിലും ലക്ഷദ്വീപിലും പുതുച്ചേരിയുടെ ഭാഗമായ മയ്യഴിയിലും സംസാരിക്കപ്പെടുന്ന ഭാഷയാണ് മലയാളം. ഇത് ദ്രവിഡ ഭാഷ കുടുംബത്തിൽപ്പെടുന്നു. ഇന്ത്യയിൽ ശ്രേഷ്ഠ ഭാഷ പദവി ലഭിക്കുന്ന അഞ്ചാമത്തെ ഭാഷയാണ് മലയാളം. 2013 മെയ്23 നാണ് മലയാളം ശ്രേഷ്ഠഭാഷയായി അംഗീകരിച്ചത്. മലയാള ഭാഷ കൈരളി, മലനാട് ഭാഷ എന്നും അറിയപ്പെടുന്നു.

മലയാളം സംസാരിക്കുന്ന ജനവിഭാഗത്തെ പൊതുവഴി മലയാളികൾ എന്നു വിളിക്കുമ്പോഴും ഭാഷയുടെ കേരള പാരമ്പര്യ പരിഗണിച്ച് കേരളീയർ എന്നും വിളിച്ചു പോകുന്നു. ലോകത്താകമാനം 3.75 കോടി ജനങ്ങൾ മലയാള ഭാഷ സംസാരിക്കുന്നുണ്ട്. ലോകത്തിലുള്ള 2796 ഭാഷകളിൽ മലയാളത്തിന് 77-ാം സ്ഥാനമാണുള്ളത്.

ഏതാണ്ട് പതിനാലാം നൂറ്റാണ്ടിന്റെ ആരംഭം വരെ പാട്ട്, മണിപ്രവാളം,തുടങ്ങിയ രംഗങ്ങളുമായി ഇയപിഴഞ്ഞ് കിടക്കുകയായിരുന്ന മലയാളം. മണിപ്രവാളത്തിൽ ജനിച്ച തമിഴന്റ സഹോദരിയായി വളർന്നുവന്ന മലയാളത്തെ തനതായ ഭാഷയിലൂടെ വളർത്തിയെടുത്ത ദ്രവ്യ പിതാമഹനാണ് തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ. അതുകൊണ്ട് അദ്ദേഹത്തെ 'ഭാഷ പിതാവ്' എന്ന് വിളിക്കുന്നു. കവിതകളും പാട്ടുകളും പഴഞ്ചൊല്ലുകളും ശൈലികളും നമ്മുടെ ഭാഷയുടെ മധുരം ഉയർത്തുന്നവയാണ്. പഴയ മൊഴികൾ നമ്മുടെ ഭാഷയെ കൂടുതൽ അന്നം ആക്കിയിട്ടുണ്ട്. കേരളമെന്ന് കേട്ടാൽ അഭിമാനപൂരിതമാകണം ഭാരതമെന്ന് കേട്ടാൽ തിളക്കണം ചോര നമുക്ക് ഞെരമ്പുകളിൽ.

ദേശ സ്നേഹവും രാജ്യ സ്നേഹവും ശക്തതവും തീക്ഷ്ണവുമായ ഭാഷയിൽ വളർത്താൻ മലയാള ഭാഷക്കല്ലാതെ മറ്റേത് ഭാഷക്ക് സാധിക്കും? ഏതൊരു മലയാളിക്കും ഏറ്റവും പ്രിയപ്പെട്ടതാണ് മലയാളം. ലോകമെമ്പാടും പ്രശസ്തിയാർജ്ജിച്ച ഭാഷയാണ് മലയാളം. മാതൃഭാഷയെക്കുറിച്ച് നമ്മുടെ കവിതകൾ പാടിയെത്തും എഴുതിയത് എത്രയുണ്ട് പറയണമെങ്കിൽ.....മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം

ചുണ്ടിന്മേൽ അമ്മിഞ്ഞ പാലിനോടൊപ്പം,

അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ സമ്മേളിച്ചിടുന്നതൊന്നാമതായ്. മറ്റുള്ള ഭാഷകൾ കേവലൻ ധാത്രികൾ മർത്യനു പെറ്റമ്മ തൻഭാഷ താൻ. മലയാള ഭാഷയെ കുറിച്ച് മഹാകവി വള്ളത്തോൾ എഴുതിയ വരികളാണിവ. നമ്മുടെ മാതൃഭാഷയായലയാളത്തിനും നാം തന്നെ വേണ്ടത്ര പ്രാധാന്യം നൽകുന്നുണ്ട് എന്നത് സംശയമാണ്. ക്ലാസിൽ മലയാളം സംസാരിച്ചതിന്റെ പേരിൽ വിദ്യാർത്ഥികളുടെ തലമുണ്ഡനം ചെയ്ത സംഭവം നമുക്ക് അറിവുള്ളതാണ്. അന്ധമായ പാശ്ചാത്യ സംസ്കാരവും അനുകരണവും നമ്മുടെ ഭാഷയുടെ വളർച്ച വളരെ

ഏറെ മുരടിപ്പിച്ചിരിക്കുന്നു. ഇതിന്റെ ഈ ദൈന്യാവസ്ഥക്ക് പരിഹാരമായി പാഠ്യപദ്ധതിയിൽ മലയാളത്തിന് കൂടുതൽ പ്രധാനം നൽകിയിരിക്കുന്നു.

ആയിശ ഫസ്ന പി 10 M



# മലയാളവും സംസാരശൈലികളും

ഭാഷാടിസ്ഥാനത്തിൽ ഭാരതത്തിന്റെ സംസ്ഥാനങ്ങൾ രൂപകൽപ്പന ചെയ്യുമ്പോഴാണ് മലയാള ഭാഷാ സംസാരിക്കുന്ന കേരളീയരിൽ മാത്രമായി ഈ ഭാഷ ഒതുങ്ങി നിൽക്കുന്നില്ല; ലക്ഷദ്വീപ് വാസികൾ, പുതുച്ചേരി മാഹിയിലെ ജനങ്ങൾക്കും മലയാളം തന്നെയാണ് ഔദ്യോഗികഭാഷ. അയൽസംസ്ഥാനങ്ങളായ തമിഴ് നാട്ടിലെ നീലഗിരി, കന്യാകുമാരി, കോയമ്പത്തൂർ ഡിസ്ട്രിക്റ്റിലെ ദക്ഷിണ കന്നടയിലും മലയാളം സംസാരിക്കുന്ന ജനങ്ങളെ കാണാൻ കഴിയും.

മലയാള ഭാഷയുടെ സംസാരശൈലി യിൽ വടക്കുനിന്നും തെക്കോട്ട് സഞ്ചരിക്കയാൽ കൗതുകകരമായ വ്യതിയാനങ്ങൾ കാണാൻ കഴിയും. ചില പദപ്രയോഗങ്ങൾ മനസ്സിലാക്കുവാൻ തന്നെ പ്രയാസം. വാഴ് മൊഴികളിൽ പ്രാദേശികമായും സമുദായികമായും മാറ്റങ്ങൾ കാണണം. പ്രാദേശികമായി തെക്ക്, വടക്ക് മലബാർ,തിരുവിതാംകൂർ,പാലക്കാട്,ലക്ഷദ്വീപ്,വയനാട്,കൊച്ചി,തൃശ്ശൂർ,കാസർകോട്,ഇങ്ങനെ തരം തിരിക്കാം.നമ്പൂതിരി,നായർ എന്നിങ്ങനെ സമുദായങ്ങളിലെ ഭാഷയും വേറിട്ട് വരമൊഴിയിൽ നിന്നും സംസാരഭാഷ വളരെയധികം മാറ്റങ്ങൾക്ക് വിധേയമായിരിക്കുന്നു.

ദില്ഷ 9K

# അവസ്ഥ

പുറത്ത് നല്ല മഴയായിരുന്നു.

'ഹേയ്........, പൾസ് ചെക്ക് ചെയ്യ്........

'CPR കൊടുത്ത് കൊണ്ടിരിക്ക്......'

'OK' ' ഓക്സിജൻ നൽകുക'

1,2,3......,1,2,3,4.........."

കീ..........ഇ.സി.ജി സ്ക്രീനിൽ ജീവന്റെ ക്രിത്യതയില്ലാത്ത അലക്ഷ്യതയോടെ നീണ്ടുന്ന വരകൾ പതിയെ നേർരേഖയായി ഒരറ്റ വരയായി മാറി. ഒരു നിമിഷം അയാളൊന്ന് സ്തംഭിച്ചു നിന്നു. "എന്താണ് നടക്കുന്നത്...? പി.പി.ഇ കിറ്റ് ധരിച്ച് നയ്സുമാർ അങ്ങോട്ടുമിങ്ങോട്ടും ഓടികൊണ്ടിരിക്കുന്നു. എന്താണ് സംഭവിക്കുന്നത്?. യുവത്വത്തിന്റെ പ്രസരിപ്പും ചുറുചുക്കും ഉള്ള ആരോഗ്യവാനായ ഒരു യുവാവാണ് അയാളുടെമുന്നിൽ നിശ്ചലമായി കിടക്കുന്നത്. മൂന്ന് ദിവസമായിട്ടൊള്ളൂ.......അതിന് മുമ്പേ, എന്താണിതിന്റെയൊക്കെ അർത്ഥം?. ഇന്റർനാഷണൽ ഡോക്ടർ ആണ് പോലും. എന്നിട്ടും എനിക്ക് ഇങ്ങനെ എന്നും ഓരോ മൃതദേഹത്തിന്റെയും അവസാനം നോക്കി നിൽക്കേണ്ടി വരുന്നു...." ആയാൾ ചിന്തിച്ചു. 'ഇവിടെ ഇനിയും അധിക നേരം നിൽക്കാൻ കഴിയില്ല'..... പതിയെ അയാൾ നടന്നു . 'ഡോക്ടർ , ഡോക്ടർ എന്ന വിളി അയാളുടെ കാതിൽ മുഴങ്ങി കൊണ്ടിരുന്നു, ഒരു മൂളക്കം പോലെ. ആരെയും ശ്രദ്ധിക്കാതെ മാസ്ക് ഒന്നു കൂടെ നേരെയാക്കി ആ വരാന്തയിലൂടെ അയാൾ നടന്നു. തന്റെ അവസാനത്തെ രോഗിയും വൈറസ് ബാധിതനായി മരണ മടഞ്ഞു എന്ന് വിശ്വസിക്കാൻ അയാൾക്ക് വലിയ ബുദ്ധിമുട്ട് തോന്നി. ഒന്നും മനസ്സിലാകുന്നില്ല. തലക്ക് ഒരു കനം പോലെ. രണ്ട് ദിവസത്തോളമായി രോഗബാധ്യതർ കൂട്ടുകയല്ലാതെ കുറയുന്ന മട്ടില്ല. ഇന്നലത്തെ കണക്ക് തന്നെ 30000 കടന്നു. ഇന്നിതാ......മരണനിരക്കിൽ ഒരു രോഗിയും കൂടി സ്ഥാനം പിടിച്ചിരിക്കുന്നു. 30 കോവിഡ് രോഗികളെ പരിശോധിച്ച ഡോക്ടർ എന്ന നിലയിൽ തനിക്ക് അഭിമാനം ആണോ....അതോ.... അഭമാനമോ...? അയാളുടെ ശരീരം വിളർന്നു പോയി. ആ 30 രോഗികളും ഇനിയില്ലല്ലോ......!എന്നാലോചിച്ച്. അത്യാഹിത വിഭാഗം അല്ലേ...അതുകൊണ്ടായിരിക്കാം ഇങ്ങനത്തെ രോഗികൾ മാത്രം.

അയാൾ സ്വയം ആശ്വസിക്കുകയും, പെട്ടെന്ന് ഒരു രോഗിയെ സ്ട്രച്ചറിൽ കിടത്തി അകത്തേക്ക് കൊണ്ടുപോകുകയും ചെയ്തു.ഒരു നൈസ് ഓടി വന്ന് അയാളെ ഉറക്കെ വിളിച്ചു. "ഡോക്ടർ...ഡോക്ടർ...ഇയാളെ ഒന്ന് ചെക്ക് ചെയ്യണം കോവിഡ് ബാധിച്ചതാണ്". "തനിക്ക് ഇനിയും രോഗികളോ...എന്താണ് ഈ അസുഖം ഇതിന് അവസാനമില്ലേ...."ചിന്തയിൽ നിന്ന് വിമുക്തനായി അയാൾ തിരികെ പരിശോധിക്കാൻ നടന്നു. നടക്കുമ്പോഴും അയാൾ മുഖത്തെ മാസ്ക് വീണ്ടും വീണ്ടും നേരെയാക്കി കൊണ്ടിരുന്നു. പുറത്ത് അപ്പോഴും മഴ തകർന്നു പെയ്യുകയായിരുന്നു....

ശഹർ ബാനു. എം 10 A

## LIFE IS STRANGE

Life is so strange
nothing stays the same
everything chance
but whom to blame
life is a game
where you have to loose
before you can gain
to win you have to face
fearful rain
in life.....
they always says
don't use your heart
only use your brain
in life there is love
but the more is hate
no one decide
they all hesitate
and who know the faith
you have to be strong
stop doing the wrong
and never die
be ready to win till your last
good bye...

Devika K 9 O

# VALUE YOUR SELF

A speaker started his seminar by showing a $20 to the public. he asks the people, “who want this...?” there was no surprise to see that all of them raised their hands.He offered to give money to one off them but insisted that he will do something to it. He crumpled the paper money and showed it. Again to the crowed and repeated the question. Still, everyone raised the hands.

He then put the money into the ground and stepped on it and then raised it again and offered it to the public the people gathered there, still showed interest to take that money despite seeing how dirty the note was he told the public,

“no matter what i did to this money”

you all still wanted this.You al went i favour of my offer just of the money never decreased despite what all did to it. Similarly, value your self despite the painful conditions failures Ex: Ugly. Loser. Nerd and fat.
moral:-
Believe i your self and work hard to achieve success value your self irrespective of the failures or obstacles and don’t degrade your, because of the temporary set backs.

Haniya fabin kk 9o

# കൊറോണകാലത്തെജീവിതം

ജീവിതം എല്ലായ്പ്പോഴും ഒരു പോലെയായിരിക്കില്ല. പല പ്രതിസന്ധികൾ നമ്മെ മറ്റൊരു വഴികളിൽ കൊണ്ടെത്തിക്കുന്നു. ഇന്ന് നമ്മുടെ ലോകം നേരിടുന്ന ഏറ്റവും വലിയ പ്രദിസന്ധി കൊറോണ ആണ്. പണ്ട് തിങ്ങി നിറഞ്ഞു നിന്നിരുന്ന കടകൾ, വിനോദ സഞ്ചാര സ്ഥലങ്ങളൊക്കെ ഇന്ന് ഒരാളുമില്ലാതെ കിടക്കുന്നു. അടുത്ത് സ്വീകരിച്ചവരെയെല്ലാം ഇപ്പോൾ രണ്ട് മീറ്റർ അകലെ നിന്നാണ് നമ്മൾ കാണുന്നത്. മാസ്കിട്ട വരെയാണ് നമ്മൾ പുറത്തു നോക്കുമ്പോൾ കാണുന്നത്.

വണ്ടിയും വാച്ചും മൊബൈലും ഇല്ലാതെ പുറത്തുപോകാൻ ആളുകൾക്ക് കയ്യില്ലായിരുന്നു. എന്നാൽ ഇന്ന് ജീവിതത്തിൽ മാസ്ക്ക് പ്രധാന ഘടകമായി മാറിയിരിക്കുന്നു. വാർത്തകളിൽ എല്ലാം ഓരോ ദിവസവും ആളുകളുടെ എണ്ണം കണ്ട് ആശങ്ക തോന്നാറുണ്ട്. നമ്മൾ നമ്മളെ സംരക്ഷിച്ചാൽ മാത്രമേ നമുക്ക് നമ്മുടെ കുടുംബത്തെ സംരക്ഷിക്കാൻ കഴിയൂ. കൊറോണ വൈറസ് മനുഷ്യ ജീവനുകൾ എടുത്തു കൊണ്ടിരിക്കുന്നു. എപ്പോഴാണ് ഈ മഹാമാരി അവസാനിക്കാൻ പോകുന്നത് എന്ന് ആർക്കും പ്രവചിക്കാൻ കഴിയില്ല. ഇപ്പോൾ താണ്ഡവമാടി ഇരിക്കുന്ന കോവിഡ് 19 ലോകജനസംഖ്യയിലെ നല്ലൊരു ഭാഗത്തെ അരക്ഷിതാവസ്ഥയിലേക്ക് തള്ളിവിട്ടിരുന്നു. എന്നാൽ ഇന്ന് അടഞ്ഞുകിടക്കുന്ന ഭൂരിഭാഗം സ്ഥാപനങ്ങളും തുറന്ന് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ആളുകളിൽ ഇന്ന് ആദ്യത്തെ പോലെ ആശങ്ക ഒന്നും കാണാറില്ല. എല്ലാവരും വീണ്ടും പുറത്തുപോയി രസിക്കാൻ തുടങ്ങി. ഒരു വിദ്യാർത്ഥിയായ എന്റെ സങ്കടം സ്കൂളിൽ പോകാൻ കഴിയാത്തതിൽ ആയിരുന്നു. മഹാമാരി കാരണം ഓൺലൈൻ സംവിധാനം വഴിയാണ് പഠിക്കുന്നത്. ലോക്ക് ഡൗൺ ആയതിനാൽ പുറത്തു പോകാനും കഴിയില്ല. ഓൺലൈൻ ക്ലാസുകൾ നമ്മുടെ സ്കൂൾ പോലെ തന്നെയാണെങ്കിലും നമ്മുടെ കൂട്ടുകാരെയും ടീച്ചേഴ്സിനെയുമൊക്കെ കാണാൻ കഴിയാണ്ടായി. ഈ മഹാമാരി കാരണം ജോലികൾ ഇല്ലാതെ കുടുംബം പോറ്റാൻ കഴിയാത്ത ആളുകൾ ഇന്ന് ലോകത്തുണ്ട്. ഈ മഹാമാരിയിൽ നിന്നും പൂർണ്ണമായി കര കയറാൻ നാം ഒരുപാട് പ്രയത്നിക്കേണ്ടതുണ്ട്. സാമൂഹിക അകലം പാലിക്കുകയും ആഘോഷങ്ങൾ പരിമിതപ്പെടുത്തുകയോ ചെയ്യേണ്ചതുണ്ട്. കോവിഡ്-19 വൈറസിനെ കണ്ടെത്തി ഒരു വർഷം തികയുന്നതിന് മുമ്പ് തന്നെ വാക്സിൻ കണ്ടെത്തി എന്നതും, ഈ മഹാമാരിയെ ചെറുക്കാൻ മുൻനിരയിൽ നിൽക്കുന്ന ഒന്നാണ്.

കൊറോണക്ക് ശേഷം വീണ്ടും ഈ ലോകം പൂർണ അവസ്ഥയിലേക്ക് മടങ്ങുമ്പോൾ ഓരോ ജീവനും രക്ഷിക്കാൻ ആരോഗ്യ മേഖലയിലെ പ്രവർത്തകരായിരുന്നു നമ്മുടെ ഹീറോകൾ. അതുപോലെതന്നെ ഈ

ദുരന്തം അവസ്ഥയിൽ നമുക്ക് എല്ലാം സഹായിക്കാൻ നമ്മുടെ സർക്കാറും മുന്നിൽ ഉണ്ടായിരുന്ന എന്നത് എടുത്തുപറയേണ്ട വലിയൊരു കാര്യമാണ്. ഇതെല്ലാം അവസാനിച്ച നല്ല ലോകത്തിന് വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. അതുവരെ മാസ്ക് വേച്ചും സാനിറ്റൈസർ കൊണ്ട് കൈ വൃത്തിയാക്കിയും നമുക്ക് ജാഗ്രത പാലിക്കാം.

ഷഹ്ല 9 S

# തിരിച്ചറിവ്

കാ ലത്തിന്റെ അസ്ത്രത്തിന്
ഉന്നം പിഴക്കാറില്ല.
ജീവിത തിണ്ണയിലെ
അഭയാർത്ഥികളും
പടിക്കുൾ വശത്തെ
അതിഥികളും, വൃത്തത്തിന്റ
ഒരേ ശിതീകരിച്ച ജന്മങ്ങൾക്ക്
പിന്നിൽ വെന്തെരിയുന്ന ആയുസ്സുമുണ്ട്.
വരണ്ട മസ്തിഷ്കത്തിന്
മീതെ, ഇനിയും മങ്ങാത്തവെട്ടമുണ്ട്.
പ്രതലങ്ങളിൽ തെളിയുന്ന
ചിത്രം,ഏതോ
വേരറ്റ വിദൂരസ്വപ്നമാണ്.
അവശതകൾക്ക് നടുവിലും
ജാലകപഴുതിലൂടെ
ദൈവാസത്വക്യം
തിരിച്ചറിയുക!.

ആരിഫ 8L

# ലഹരി വിരുദ്ധ ദിനം

കേരള സംസ്ഥാനം രൂപീകൃതമായി 65 വർഷം പിന്നിട്ടു. ഇക്കാലയളവിൽ ആരോഗ്യം ,വിദ്യാഭ്യാസം സാമൂഹികക്ഷേമം തുടങ്ങി വിവിധ മേഖലകളിൽ നാം കൈവരിച്ച നേട്ടങ്ങൾ രാജ്യത്തിന് തന്നെ മാതൃകയായി. ഇതിൽ തന്നെ ചില നേട്ടങ്ങൾ ലോകത്തിലെ വികസന രാജ്യങ്ങൾക്ക് തുല്യമായ അഭിമാനമായ സംസ്ഥാനവും നമുക്കുണ്ട്. എന്നാൽ സമൂഹത്തിൽ വർദ്ധിച്ച വരുന്ന ലഹരി ഉപയോഗം കേരളം നേരിടുന്ന വികാസത്തിനും, പുരോഗതിക്കും, സാംസ്കാരികവും മൂല്യങ്ങൾക്കും കടുത്ത വെല്ലുവിളിയാണ് ഉയർത്തുന്നത്. മനുഷ്യനെ ശാരീരികമായും, മാനസികമായും തകർക്കുന്നു. സാമൂഹ്യ വിപത്താണ് ലഹരി. റോഡ് അപകടം, ആരോഗ്യപ്രശ്നങ്ങൾ, കുടുംബബന്ധങ്ങളുടെ തകർച്ച കുറ്റകൃത്യം, ആത്മഹത്യ തുടങ്ങി മദ്യവും, മയക്കുമരുന്നും സൃഷ്ടിക്കുന്ന പ്രത്യാഘാതം നിരവധിയാണ്.

കൂടുതലായി കുട്ടികളിലും, യുവജനങ്ങളിലും പിടിമുറുക്കുന്ന ലഹരിവസ്തുക്കളുടെ പ്രയോഗം ഒരു ദിവസം കൊണ്ട് ആകുന്നതല്ല . സമപ്രായക്കാരുടെ പ്രേരണ, ബോറടി മാറ്റാൻ, വിഷാദം മാറ്റാൻ, ക്ഷീണം മാറ്റാൻ, വീട്ടിലെ പ്രശ്നങ്ങൾ അധികമായി ലഭിക്കുന്ന പോക്കറ്റ് മണി എന്തുചെയ്യണമെന്നറിയാതെ; എന്നിങ്ങനെ ലഹരിവസ്തുക്കളിലേക്ക് മാറാൻ കാരണം മൊബൈലും, ഇന്റർനെറ്റും ജീവിതം നിയന്ത്രിക്കുന്ന ഈ കാലഘട്ടത്തിൽ സോഷ്യൽ മീഡിയകളും ഇതിനു കാരണമാകുന്നു. ലഹരിമരുന്നുകളുടെ കെണിയിൽ പലപ്പോഴും അകപ്പെടുന്നത് കുട്ടികളാണ്. ജീവിതം തന്നെ വഴിതെറ്റിക്കുന്ന ഈ വസ്തുക്കളെ കുറിച്ച് വേണ്ടത്ര അറിവ് കുട്ടികൾക്ക് ഇല്ല. ഉണ്ടായിരുന്നെങ്കിൽ പലരും ഈ ദുർഗതിയിൽ പെടില്ലല്ലോ...

കേവലം കൗതുകത്തിനായി പലരും ആരംഭിക്കുന്ന ഒരു ദുശീലത്തേക്കാൾ വേഗത്തിൽ വളർന്നു സമൂഹത്തെ കീഴ്പ്പെടുത്തുകയാണ്. ഒരിക്കലും തിരിച്ച കയറാൻ പറ്റാത്ത മഹാഗർത്തങ്ങളിലേക്കാണ് ലഹരിയുടെ ഉപയോക്താക്കൾ പതിക്കുന്നത്. കാലാന്തരത്തിൽ ലഹരി ഉപയോഗിക്കാൻ കൂട്ടുനിന്നവരോ, പഠിപ്പിച്ചവരോ, ആത്മം കൂട്ടാൻ ഇല്ലാതെ ലഹരിയും മാത്രം സൗഹൃദത്തിൽ ഏകാന്തനായി കഴിയാൻ ആണ് ഇവരുടെ വിധി. അർബുദം, ആരോഗ്യപ്രശ്നങ്ങൾ, മാനസിക രോഗങ്ങൾ എന്നിവ ഇവരെ തേടിയെത്തുന്നു. മാനസിക വ്യാപാരങ്ങളെയും മരവിപ്പിച്ച് കളയുന്ന ഇത്തരം രസക്കൂട്ടങ്ങൾ ക്രൂരമായ എന്ത് പ്രവർത്തിനിയമം ചെയ്യാൻ മടിയില്ലാത്തവരായി മാറ്റുന്നുണ്ട്. ദിനംപ്രതി ഇത്തരം വാർത്തകൾ നാം കാണുന്നതാണ്. പുതിയ രുപത്തിലും ഭാവത്തിലും പടർന്നു പന്തലിക്കുന്ന ലഹരിയുടെ ഈ ജയിലിൽ കേരള ഹാസ്തങ്ങൾക്ക് കൈയാമ്മിടു ക്കയെന്ന ശ്രമകാരനായ ദൗത്യത്തെകുറിച്ചുള്ള ഓർമ്മപ്പെടുത്തലാണ്. ലഹരിവിരുദ്ധദിനം 1987 മുതലാണ് ഐക്യരാഷ്ട്രസഭ ജൂൺ 26 ന് ലഹരി വിരുദ്ധ ദിനമായി ആചരിച്ചു. പിന്നീട് ജാതി മത പ്രായ ഭേദമന്യേ

സ്ത്രീകൾക്കും കുട്ടികൾക്കുംലഹരി ഒരുക്കുന്നു. അപകടം ചുമ്മാ കൈകളിൽ കഴിക്കുന്നവരുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്. അതിനൊരു മാറ്റം വരുത്താൻ ഇനിയും നമുക്ക് കഴിഞ്ഞിട്ടില്ല. ഈ കാലഘട്ടത്തിൽ ലഹരിവസ്തുക്കളുടെ ഉപയോഗത്തിൽ ദൃശ്യ വശങ്ങൾ അതിശക്തമായ പ്രചാരണ ബോധവൽക്കരണം പ്രവർത്തനത്തിലൂടെ സമൂഹത്തെ ബോധ്യപ്പെടുത്തണം. അതോടൊപ്പം ലഹരി ഉപയോഗം തടയുന്നതിനുള്ള സർക്കാർ പദ്ധതികളും നിലവിലുള്ള നിയമങ്ങളും ഫലപ്രദമായി നടപ്പിലാക്കുകയും വേണം.

ശസീന തെസ്നി 9E

# അറബിക്കഥ പോലെ ഒരു ജീവിതം

2001 ജൂൺ 28. അബുദാബി കമാസ്ട്രീറ്റിലെ ഷെയ്ഖ് ഖലീഫ ആശുപത്രിയുടെ ഐ. സി. യു വിന്റെ മുമ്പിലെ കോറിഡോറിൽ ഇരുകൈകളും ഉയർത്തി അള്ളാഹുവിനോട് അകംനൊന്ത് പ്രാർത്ഥിക്കുന്ന മലയാളി. കണ്ണീരിൽ മുങ്ങിയ കവിളുകളുമായി ദുആ ഇരിക്കുന്നത് തൃശ്ശൂർ നാട്ടിക സ്വദേശി മുസ്ല്യാം വീട്ടിൽ യൂസുഫലി ആയിരുന്നു. പ്രകാശവേഗത്തിൽ ലോകം കീഴടക്കിയ ലുലു ഗ്രൂപ്പ് മേധാവി എം എ യൂസുഫലി ആയിരുന്നു. ദുബായിൽ നിന്ന് അബൂദാബിയിലേക്കുള്ള യാത്രയിൽ കാറപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് തന്റെ പ്രിയ പിതാവ് എം കെ അബ്ദുൽ ഖാദർ ഹാജി, അകത്ത് മരണത്തോട് മല്ലിടുകയാണ്. അതെ, ഏത് കോടീശ്വരനും നിസ്സഹായതയോടെ നിന്നുപോകുന്ന നിമിഷമായിരുന്നു അത്. അളവറ്റ സമ്പത്ത് മുഴുവൻ പകരം തന്നാലും തന്റെ ബാപ്പയുടെ ജീവൻ തിരിച്ചു തരണമെന്ന് പ്രാർത്ഥന പക്ഷേ, വിഫലമായി. ഡോക്ടർ കൈമലർത്തി. ബാപ്പയെ തിരിച്ചുകിട്ടിയില്ല. വാഹനാപകടത്തിൽ പരുക്കേറ്റ ഉമ്മയും പിന്നീട് ഈ ലോകത്തോട് വിടപറഞ്ഞു. ഉമ്മയും ബാപ്പയും ഇല്ലാത്ത രണ്ടു പതിറ്റാണ്ടുകൾക്ക് ശേഷവും ഓരോ ദിവസവും യൂസഫലി അവരെ ഓർക്കുന്നു, അവർക്കായി പ്രാർത്ഥിക്കുന്നു. അദൃശ്യമായ വാൽസല്യം ഏറ്റുവാങ്ങുന്നു, മാതാപിതാക്കളുടെയും സർവോപരി അല്ലാഹുവിനെയും അപാരമായ അനുഗ്രഹമാണ് താൻ ഈ നിലയിലേക്ക് ഉയരാൻ കാരണമെന്ന് യൂസഫലിക്ക് അറിയാം. കഠിനാധ്വാനം, ഇച്ഛാശക്തി, സൗഭാഗ്യം എന്നൊക്കെ പറയുമ്പോഴും എന്റെ ഓരോ ചുവടുവെപ്പിലും അജ്ഞേയമായ ശക്തിയുടെ അമ്പരിമേയമായ ഗ്രഹം പൂക്കൾ വിതറിയിരിക്കുന്നുവെന്നും അദ്ദേഹം സദാ ഓർത്തു വെക്കുന്നു. ആ കരുത്തിലാണ് ഈ പ്രയാണം. ബാപ്പ അബ്ദുൽ ഖാദർ ഹാജിയുടെ പിതാവ്, അതായത് എന്റെ വല്ലിപ്പ 48 കൊല്ലം മുമ്പ് എന്റെ ദുബായ് യാത്രാ സമയത്ത് സ്നേഹത്തോടെ എൻറെ കയ്യിൽ വെച്ച് തന്ന 5 രൂപയുടെ പച്ച നോട്ടിന് പകിട്ട് മറക്കാനാവില്ല. പൂർവ്വപിതാക്കൾ കാട്ടിത്തന്ന സത്യത്തിന്റെ സൽസരണിയാകണം, തന്റെ വഴി വെളിച്ചമെന്നും യൂസുഫലി വിശ്വസിക്കുന്നു. പ്രകാശ വേഗതയിൽ ഒരു കുതിപ്പ് തൊട്ടതൊക്കെ പൊന്നാകുന്ന മിദാസ് ചക്രവർത്തിക്ക് സമ്മാനം ഈ പ്രവാസിയുടെ സാഹസിക കഥ. സഹസ്രകോടികളുടെ ആസ്തിയിലേക്കാണ് യൂസുഫലി ഉയർന്നത്. നാട്ടിലെ മലയാളികൾക്കും ലക്ഷക്കണക്കിന് പ്രവാസികൾക്കും ആവേശകരമായ ഈ ജീവിതകഥയിൽ നാല്ല പാഠങ്ങളുണ്ട്. അതിസമ്പന്നരുടെ ആധികാരിക മാസിക ഫോബ്സ് പറയുന്നത് എം എ യൂസുഫലി ലോകത്തിലെ 589-ാമത്തേയും ഇന്ത്യയിലെ 3-ാത്തേയും ഏറ്റവും വലിയ സമ്പന്നൻ ആണെന്നാണ്. മൂന്നരക്കോടി മലയാളികളെ ഒന്നാം നിരക്കാരനായ പണക്കാരനും യൂസഫലി തന്നെ. വ്യക്തിപരമായ അദ്ദേഹത്തിന്റെ മൊത്തം വരുമാനം 4.8 ബില്യൺ ഡോളർ, മാതൃസ്ഥാപനമായ എം.കെ ഗ്രൂപ്പിന്റെ വരുമാനം 7.4 ബില്യൺ ഡോളർ. കൊച്ചിയിലും തിരുവനന്തപുരത്തും ഉൾപ്പെടെ ലോകത്താകെ 222 ഹൈപ്പർ മാർക്കറ്റുകൾ, ഫോറക്സ് സ്ഥാപനങ്ങൾ, ഇന്ത്യക്കകത്തും പുറത്തും പച്ചക്കറി-മാംസ സംസ്കരണ ഫാക്ടറികൾ, കൊച്ചിയിൽ മാരിയോട്ട്-ഗ്രാന്റ് ഹയാത്ത് ഹോട്ടലുകൾ, ആഗോള ഉപഭോക്തൃ മേഖലയിൽ നൂതന വിപ്ലവത്തിന്റെ കൊടിയടയാളങ്ങൾ. സ്വദേശമായ നാട്ടികയിൽ വൈ മാൾ.

അബൂദാബിയിൽ ലുലു കേന്ദ്ര ആസ്ഥാനമായ വൈ ടവർ ഉയർന്ന പോലീസ് ഉദ്യോഗസ്ഥരിലൂടെ മാത്രം നാം കേട്ടിട്ടുള്ള പരിശീലന സ്ഥലമായ ബ്രിട്ടനിലെ സ്കോട്ട്‌ലാന്റ്യർഡ് ഒന്നര ബില്യൺ ദിർഹം നൽകി യൂസുഫലിസ്വന്തമാക്കി.

പറക്കാൻ സ്വന്തമായി വിമാനവും ഹെലികോപ്റ്ററും. തന്റെ പേരിന്റെ ആദ്യാക്ഷരം സൂചിപ്പിക്കുന്ന വൈ എന്ന സ്വർണ്ണ മുദ്രയുള്ള വിമാനവും ആഡംബര ക്കാറുകളും യു എ ഇ യിലുൾപ്പെടെയുള്ള നഗരങ്ങളിലെ കൊട്ടാരസാദൃശ്യമായ വീടുകളും. അഴകിന്റെ അലകടൽ പോലെ കിനാവുകളെ പൊൻ കസവണിയിച്ച സമൃദ്ധി. അറബിക്കഥകളിൽ കേട്ടുപരിചയിച്ച വിസ്മയങ്ങളുടെ വിജയഗാഥകൾ. നടന്നു തീർത്ത വഴികളിൽ പൂക്കൾ അല്ല മുത്തുകൾ ആയിരുന്നു ഏറ്റവും അതി സമ്പത്തിന്റെ മാസ്മരിക  പ്രഭാവത്തിനുമപ്പുറമൊരു യൂസഫലിയുണ്ട്. ആ യുസുഫലിയുടെ കഥയാണ് പരിശുദ്ധ മക്കയിലെ മസ്ജിദുൽ ഹറമിൽ ഉയർന്ന മിനാരങ്ങളിലേക്ക് കണ്ണുനട്ട  ഇന്റർ കോണ്ടിനെന്റൽ ഹോട്ടലിന്റെ സീറ്റിലിരുന്ന്, യൂസുഫലി ഈ ലേഖകനുമായി പങ്കുവെച്ചത് മറക്കാനാവാത്ത കൂടിക്കാഴ്ചയായിരുന്നു. പലതവണ അദ്ദേഹവുമായി അടുത്ത് പരിചയപ്പെടുകയും സംസാരിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും മക്കയിലെ ഈ അഭിമുഖത്തിൽ യൂസഫലിയുടെ ബാല്യ വിസ്മയങ്ങളുടെ നനവാണ് ഏറെ ഉണ്ടായിരുന്നത് എന്ന് എനിക്ക് തോന്നി. ആ പ്രവാചകന്റെ മണ്ണിൽ രാത്രി നമസ്കാരത്തിനുള്ള ബാങ്കൊലി മുഴങ്ങി. 1973 ഡിസംബർ 31 നാണ് മറ്റേതൊരു ഗൾഫ് ഭാഗ്യാന്വഷിയെയും, പോലെ യൂസഫലിയും ദുബായ് റാശിദിയ തുറമുഖത്ത് വന്നിറങ്ങുന്നത്. നാട്ടികയിലെ പഠനത്തിനുശേഷം അഹമ്മദാബാദിൽ നിന്നു ലഭിച്ച ബിസിനസ് മാനേജ്മെന്റിലെ ഡിപ്ലോമ സർട്ടിഫിക്കറ്റും ബാപ്പയും വലിപ്പയും പകർന്ന ആത്മവിശ്വാസവും ആയിരുന്നു. മലയാളികൾ ഉൾപ്പെടെയുള്ള തൊഴിലാളികളുടെ സംഖ്യ ഉയർന്നു പിന്നീടങ്ങോട്ട് ലുലുവിന്റെ കുതിപ്പായിരുന്നു. ഉപഭോക്തൃ മേഖലകളിൽ ഭീമൻ മൾട്ടിനാഷണൽ കമ്പനികളെ പിന്നിലാക്കി ലുലു അതിവേഗം മുന്നേറി. ഗുണമേന്മയുള്ള സാധനങ്ങൾ കുറവായ നിരക്കിൽ ആവശ്യക്കാരിൽ എത്തിക്കുക എന്ന മാജിക്കാണ് തന്നെ വിജയത്തിലെത്തിച്ചത് എന്ന് യൂസുഫലി പറയുന്നു. ഗൾഫ് രാജ്യങ്ങളുടെ അതിരുകളും കടന്ന് ലുലു മലേഷ്യയിലേക്കും ഇന്തോനേഷ്യ യിലേക്കും ഈജിപ്തിലേക്കും ഒക്കെ ചുവടുവെക്കാൻ തുടങ്ങിയത് പെട്ടെന്നായിരുന്നു. കേവലം 20 വർഷം കൊണ്ട് ആഗോളതലത്തിൽ 222 മാളുകളും ഹൈപ്പർ മാർക്കറ്റുകളും ലുലുവിന്റെ വിജയപാതക പാറിച്ച് വാണിജ്യ ലോകത്ത് പരിലസിച്ച് നിൽക്കുന്നു. ഏതാണ്ട് 70,000 ജീവനക്കാരൻ ലുലു ശൃംഖലയിൽ ഉള്ളത്. സ്വകാര്യമേഖലകളിൽ ഏറ്റവുമധികം തൊഴിലാളികളുടെ അന്നദാതാവായി മാറിയ സ്ഥാപനം. ഓരോ തൊഴിലാളിയുമായും നേരിട്ട് ഇടപെടുന്ന യൂസുഫലിയുടെ മുഖ്യ പരിഗണന അവരുടെ എല്ലാം കുടുംബകാര്യങ്ങളാണ്; വീട്ടു വിശേഷങ്ങളാണ്. ശമ്പളത്തിന്റെ നിശ്ചിതവിഹിതം കുടുംബങ്ങളിലേക്ക് ആയക്കണമെന്ന നിഷ്കർഷ യാണ് അദ്ദേഹം ജീവനക്കാരെ ഉണർത്താറുള്ളത്. ജീവനക്കാരോ മറ്റുള്ളവരോ ഒരിക്കലും ചെറുതാണെന്ന ചിന്ത പോലും ഉണ്ടാകരുത്. നീ എത്ര വലിയവൻ ആണേലും ആ വിധത്തിൽ ചിന്തിച്ചാൽ അത് നിന്നെ തകർച്ചയിലെത്തിക്കും.  അബുദാബിയിൽ നിന്ന് യു.എ.യിലെ മറ്റ്എമിറേറ്റുകളിലേക്കും വ്യാപാരംവ്യാപിച്ചു. അവിടന്നങ്ങോട്ട് വളർച്ചയുടെ പടവുകളിലേക്കുള്ള കയറ്റം ആയിരുന്നു. 1980 ലെ ഇറാൻ-ഇറാഖ് യുദ്ധം, 1990-ലെ ഇറാഖിന്റെ കുവൈറ്റി അധിനിവേശം. ഈ പ്രതിസന്ധി ഘട്ടത്തിൽ യു.എ.ഇ യെ ഉപേശിച്ച് വിദേശികൾ പലരും രക്ഷപ്പെട്ട് സ്വദേശങ്ങളിലേക്ക് മടങ്ങിയപ്പോൾ യൂസുദാബിയിൽ തുടർന്നു. തന്നെ സഹായിച്ച അധികൃതരോടും ഗവൺമെന്റ് ഉദ്യോഗസ്ഥരോടും അദ്ദേഹം പറഞ്ഞു: "എന്തു സംഭവിച്ചാലും യു..എ.ഇ എന്റെ രണ്ടാമത്തെ മാതൃരാജ്യമാണ്. പ്രതിസന്ധിഘട്ടങ്ങളിലും ഈ നാടിനെ ഞാൻ ചേർത്തു പിടിക്കും.” പലരും പതർച്ചയോടെ യ.എ.ഇ. യിൽ നിന്നും പാലായനം ചെയ്തപ്പോൾ ലാഭനഷ്ടം നോക്കാതെ തന്റെ ബിസിനസുമായി യൂസുഫലി അബുദാബിയിൽ

തന്നെ ഉറച്ചുനിൽക്കുകയായിരുന്നു. അബുദാബി ഭരണാധികാരികൾ പോലും ഈ നിലപാട് അകമഴിഞ്ഞ പ്രശംസ പിടിച്ചുപറ്റുകയും ചെയ്തു. ലുലു എന്നാൽ മുത്ത് എന്നാണ്. ഈ പേര് എങ്ങനെ കിട്ടി എന്ന

ചോദ്യത്തിന് യൂസുഫലി നൽകിയ മറുപടി, പല പേരുകൾ ആലോചിച്ചപ്പോൾ പെട്ടെന്ന് ഉച്ചരിക്കാൻ പറ്റിയ പേര് ഇതാണെന്ന തോന്നലിൽ നിന്നാണ് ലുലു ഉണ്ടായതെന്നാണ്. ലുലു വിന്റെ ആദ്യ ഷോപ്പ് അബൂദാബിയിലും പിന്നീട് ശാഖകളായി പല ഇടങ്ങളിലേക്ക് വളരുകയും ചെയ്തു. കുറഞ്ഞ ജീവനക്കാരുമായി ആരംഭിച്ച സ്ഥാപനം ക്രമേണ ഗൾഫ് സഹകരണ കൗൺസിൽ രാഷ്ട്രങ്ങളായ യു.എ.ഇ.യിലും, ബഹ്റൈൻ, ഒമാൻ, കുവൈത്ത്, ഖത്തർ, സൗദി അറേബ്യ എന്നിവിടങ്ങളിലേക്കും വ്യാപിച്ചതോടെ പിൻബലമായി ദുബായി മണ്ണിൽ ഇറങ്ങിയ യൂസുഫലിയുടെ കരുത്ത്. ചെറിയൊരു ഗ്രോസറി നടത്തുകയായിരുന്ന അദ്ദേഹത്തിന്റെ എളാപ്പയുടെ കൂടെയാണ് ആദ്യമായി ജോലിക്ക് കയറിയത്. ആദ്യം ടാക്സിയും പിന്നീട് സ്വന്തമായി ചെറിയൊരു പിക്കപ്പ് വാനിലുമായിരുന്നു യാത്ര. ചിലപ്പോൾ കടയിൽ നിൽക്കും. പലചരക്ക് സാധനങ്ങളുടെ ചാക്കുകൾ താൻ തന്നെയാണ് ചുമക്കാറുള്ളത്. ഭാരം താങ്ങി മാസങ്ങൾ പിന്നിട്ടപ്പോൾ എന്റെ ചുമലിൽ തഴമ്പ് വീണു. എങ്കിലും ജോലിയിൽ ആത്മാർത്ഥമായി മുഴുകി. കച്ചവടം തന്നെയാണ് തന്റെ വഴി എന്ന കണ്ടെത്തൽ കൂടി ആയിരുന്നു അത്. അന്ന് തോളിൽ വീണ തഴമ്പും ഉറ്റി വീണ വിയർപ്പുതുള്ളികളും എന്നെ പുതിയ സ്വപ്നങ്ങൾ കാണാൻ പഠിപ്പിച്ചു. പതുക്കെ കോൾഡ് സ്റ്റോറേജ് ബിസിനസിലേക്ക് പ്രവേശിച്ചു. ത്വയ്ബ ഫുഡ്സ് എന്ന പേരിൽ ഫ്രഷ്-ഫ്രോസൺ മാംസം-മത്സ്യ വസ്തുക്കളുടെ വിപണനം ആയിരുന്നു ലക്ഷ്യം. ഈ ബിസിനസ് പച്ചപിടിച്ചു.

ഷിഫാന തെസ്നി 9D

# അടയ്ക്കും മുമ്പ്

ഇത്തിരിത്താളുകളിൽ തീർത്ത e-ദളം ഇവിടെ പൂർത്തിയാവുകയാണ്. പുതിയ വാക്കുകൾ, വാക്യങ്ങൾ, അർത്ഥങ്ങൾ, അനർത്ഥങ്ങൾ തേടിയുള്ള യാത്രയിൽ കളഞ്ഞു കിട്ടിയ അക്ഷരപ്പൂക്കളാണിത്. അറിവും നവ്യാനുഭവങ്ങളും തേടി ഞങ്ങൾ യാത്ര തുടരുകയാണ്. ഈ യാത്ര അവസാനിക്കുന്നില്ല, ഇതിന്റെ കൂടെ നിന്ന സുമനസ്സുകൾക്ക് ഇതിന് ധൈര്യം പകർന്ന ലിറ്റിൽ കൈറ്റ്സ് അധ്യാപകർക്ക് അറ്റമില്ലാത്ത വാക്കിലൊതുങ്ങാത്ത കൃതജ്ഞതകൾ...

പ്രാർത്ഥനയോടെ...

